


# മരിയ രശ്മി

പാരീഷ് ബുള്ളറ്റിൻ

April 2023 • VOL. 23 • ISSUE 04

ST MARY'S CHURCH PERAMANGALAM




സെന്റ് ജോർജ്ജ് യൂണിറ്റിന്റെ നേതൃത്വത്തിൽ നാനൂറിൽപരംഅന്തേവാസികളുള്ള
ബെത്‌ലഹേം അഭയഭവനിലേക്ക് (കൂവപ്പടി, എറണാകുളം)
ഒരു ലക്ഷം രൂപയോളം വില വരുന്ന നിത്യോപയോഗ സാധനങ്ങളുമായി
നോമ്പുകാല പരിത്യാഗ സന്ദർശം നടത്തിയപ്പോൾ



# മരിയ രശ്മി
## PARISH BULLETIN


ഏപ്രിൽ 2023

പുസ്തകം : 23 ★ ലക്കം : 04





## പത്രാധിപ സമിതി

**ഡയറക്ടർ**

റവ. ഫാ. ജെയ്സൺ മാറോക്കി
9947391601

**ചീഫ് എഡിറ്റർ**

വർഗ്ഗീസ് എൻ.എൽ. 9447513880

**സെക്രട്ടറി**

ജിഷ ജോയ് 9496217937

**ട്രഷറർ**

തോമസ് തളിയത്ത്
9349419896

**എഡിറ്റോറിയൽ ബോർഡ്**

ഷാബു പി.ജെ.
ഷാജൻ ജോണി
ജിൻസി സന്തോഷ്
അനീഷ് ആന്റണി
ഷാജു റാഫേൽ
ജോമോൻ ജോണി
അലക്സ് ബ്ലസ്സൻ
തോമസ് സി. എ.

**എക്സ് ഒഫീഷ്യോ അംഗങ്ങൾ**
റവ. സി. ലൂസിയ SMC
ജോർജ്ജ് വി.വി., ഷാജൻ സി.എ.


## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയസ്വരം | 03 |
| അറിയാൻ ആചരിക്കാൻ | 04 |
| മതബോധന വാർത്തകൾ | 05 |
| പ്രതിനിധിയോഗ തീരുമാനം | 06 |
| ഏപ്രിൽ മാസത്തെ മീറ്റിങ്ങുകൾ | 07 |
| പെസഹാ ആരാധന - 2023 | 10 |
| ഭക്തസംഘടന ഏകോപന സമിതി | 12 |
| രക്ഷാകര രഹസ്യങ്ങൾ | 15 |
| മുത്രപ്പഴുപ്പ് | 19 |
| ആരോഗ്യരശ്മി | 22 |
| വർണ്ണരശ്മി | 25 |
| ആയുർരശ്മി | 26 |
| വിശുദ്ധ വീഥികളിലൂടെ | 27 |
| തമ്പോല | 28 |
| വാചക രശ്മി | 31 |
| ഒപ്പം (ലേഖനം) | 32 |
| കുടുംബ കൂട്ടായ്മകൾ | 36 |
| വാർത്താ രശ്മി | 37 |
| വചനവായനകൾ | 39 |
| നർമ്മ രശ്മി | 40 |


**തിരുകർമ്മ സമയം**
**വി. കുർബ്ബാന**
എല്ലാ ദിവസവും 6.15 am
ഞായർ : 6.15 am, 10.00 am, 4.30 pm
ബുധൻ : 6.15 am, 5.30 pm


**OFFICE WORKING TIME :**
**Sunday** 7.30 am to 8.30 am,
11.30 am to 12.30 pm, 5.30 pm to 6.30 pm
**മറ്റു ദിവസങ്ങൾ** 7.00 am to 12 Noon
3.30 pm to 7.30 pm
Mob : 9495197060 Ph : 0487 2306060

Website : www.peramangalamchurch.com
E-mail ID : peramangalamchurch@gmail.com
www.facebook.com/MARIYARESMI (Magzine)

# എഡിറ്റോറിയൽ



പ്രിയമുള്ളവരെ,

നമ്മുടെ രാജ്യം ഒരു മതേതര രാജ്യമാണ്. ജനങ്ങൾക്ക് സ്വതന്ത്രമായി ഏത് മതത്തിൽ വിശ്വസിക്കുന്നതിനും ആ വിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കുന്നതിനുള്ള അവകാശം ഭരണഘടന ഉറപ്പ് നൽകുന്നുണ്ട് . എന്നാൽ അടുത്ത കാലത്തായി ചില സംസ്ഥാനങ്ങളിൽ നൂനപക്ഷങ്ങൾക്ക് നേരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നതായി കാണുന്നു. യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ (UCF) കണക്കനുസരിച്ച് നമ്മുടെ രാജ്യത്ത് 2022 ൽ മാത്രം 500 ലേറെ അക്രമസംഭവങ്ങൾ നടന്നതായും പള്ളികൾക്കും ക്രൈസ്തവ സ്ഥാപനങ്ങൾക്കും നേരെ ഒട്ടേറെ കേസുകൾ രജിസ്റ്റർചെയ്തതായും കാണുന്നു. ഇങ്ങനെ നോക്കുമ്പോൾ ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നതിന് പ്രധാന കാരണം കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കാത്തതാണ് എന്ന് കണ്ടെത്താൻ കഴിയും. ഈ സാഹചര്യത്തിൽ സർക്കാരുകളും നിയമനീതിന്യായസംവിധാനങ്ങളും അടിയന്തിരമായി ഇടപെടണമെന്ന് ക്രൈസ്തവസഭകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ഡൽഹിയിൽ നടന്ന പ്രതിഷേധസംഗമത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണഘടനഅനുവദിക്കുന്ന മതസ്വാതന്ത്ര്യവും ജീവിക്കാനുള്ള അവകാശവും നിക്ഷേധിക്കപ്പെടുമ്പോൾ ജനരോഷം ഉയരുക സ്വാഭാവികം മാത്രമാണ്.

ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ പേരു പറഞ്ഞ് ക്രൈസ്തവ സന്യസ്ഥരുടെ ജീവിതം വികലമായി ചിത്രീകരിക്കുന്ന "കക്കുകളി" എന്ന നാടകം ക്രൈസ്തവസമൂഹത്തിന് ആകമാനം മുറിവേൽപ്പിക്കുന്നതാകയാൽ എത്രയും വേഗത്തിൽ ഈ നാടകത്തിന്റെ അവതരണാനുമതി തടയേണ്ടതാണ്.

മറ്റു മതങ്ങളെ അറിയാനും അംഗീകരിക്കാനും, ആദരിക്കാനും കഴിയുന്ന ഒരു മാനസികാവസ്ഥയാണ് നമുക്ക് ഓരോരുത്തർക്കും ഉണ്ടാകേണ്ടത്.

ചീഫ് എഡിറ്റർ
**വർഗ്ഗീസ് എൻ. എൽ.**

ഇടയസ്വരം

# ഉത്ഥാനതിരുനാൾ ആശംസകൾ



യേശുവിന്റെ മരണശേഷം അവർ അവനെ അന്നുവരെ ആരെയും അടക്കിയിട്ടില്ലാത്ത കല്ലറയിൽ സംസ്ക്കരിച്ചു. കല്ലറയിൽ നിന്ന് പ്രതീക്ഷകൾ ഉയരാതിരിക്കാൻ ഒരു വലിയ കല്ലും അതിന്റെ മുകളിൽ ഉരുട്ടിവെച്ചു. പോരാത്തതിന് കാവൽക്കാരേയും നിർത്തി. അവന്റെ വെളിച്ചം കെട്ടുപോയെന്ന് അവർ സമാധാനിച്ചു. അവൻ പണിതുയർത്തിയ ദൈവരാജ്യസങ്കൽപ്പം നാമാവശേഷമായെന്ന് അവന്റെ ഘാതകർ വിശ്വസിച്ചു. എന്നാൽ കല്ലറയുടെ കനത്ത ഭിത്തിയേയും ഉരുട്ടിവെച്ച പാറക്കല്ലുകളേയും നിഷ്പ്രഭമാക്കിക്കൊണ്ട് അവൻ ഉയിർത്തെഴുന്നേറ്റു.

പ്രതീക്ഷകൾ അസ്തമിച്ചിരിക്കുന്ന അവസ്ഥയിലും വീണ്ടും പ്രതീക്ഷിക്കുവാനുള്ള ക്ഷണമാണ് ഈസ്റ്റർ . മറ്റുള്ളവരാൽ ചവിട്ടിയരക്കപ്പെട്ട ജീവിതങ്ങൾ, രോഗം വന്ന് ഇനിയൊരു ജീവിതമില്ല എന്ന് ചിന്തിക്കുന്നവർ, കടബാധ്യതയുടെ നടുക്കടലിൽ പ്രത്യാശയുടെ തീരം കാണാൻ സാധിക്കാതെ ദു:ഖിക്കുന്നവർ, ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ടവർ ഇങ്ങനെ നിരാശ നിറഞ്ഞ ജീവിതങ്ങളുടെ നിര നീളുകയാണ് . അവിടെ പ്രത്യാശയുടെ ദൂതുമായാണ് ഈസ്റ്റർ കടന്നുവരുന്നത്. ഈ ലോകം നൽകുന്ന പ്രതീക്ഷയുടെ അപ്പുറത്ത്, നിത്യതയുടെ പ്രകാശമുണ്ടെന്ന് ഈസ്റ്റർ നമ്മെ ഓർമ്മപ്പെടുത്തുന്നു. പ്രായാധിക്യത്താൽ തളർന്നുപോയി മരണം കാത്ത് കിടക്കുന്ന ഒരു രോഗിയുമായി സംസാരിക്കാനിടയായി. ഇനി ഈ കട്ടിലിൽ നിന്ന് എഴുന്നേല്ക്കുമെന്ന് ഒട്ടും പ്രതീക്ഷയില്ല എന്ന് അയാൾ എന്നോടു പറഞ്ഞു, അയാളുടെ പ്രതീക്ഷകളെല്ലാം അസ്തമിച്ചുപോയിരുന്നതായി എനിക്കുമനസ്സിലായി. ഞാനയാളോടു ചോദിച്ചു 'ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ?' ഉണ്ടെന്ന് അയാൾ മറുപടി പറഞ്ഞു. അങ്ങനെയെങ്കിൽ നിത്യജീവിതത്തെകുറിച്ചുള്ള താങ്കളുടെ വിശ്വാസം എന്താണെന്ന് ചോദിച്ചു. ആചോദ്യം അയാളുടെ ജീവിതത്തെ വലുതായി സ്വാധീനിച്ചു. ഈലോകത്തിനപ്പുറത്തുള്ള സ്വർഗ്ഗീയ മഹത്വത്തെ മുന്നിൽ കാണാനും ആ മഹത്വത്തിൽ എത്തിച്ചേരണമെന്നുള്ള വലിയ ആഗ്രഹത്തോടെ മരണത്തെ പുൽകാൻ ആ വ്യക്തിക്കായി. ജീവിതത്തിൽ പ്രതീക്ഷയുടെ പുത്തൻ ചക്രവാളത്തിലേക്ക് നമ്മെ നയിക്കാൻ ഈ ഉത്ഥാനതിരുനാൾ സഹായിക്കട്ടെ.

**ഏറെ സ്നേഹത്തോടെ, ജെയ്സനച്ചൻ.**

# അറിയാൻ ആചരിക്കാൻ
# ഏപ്രിൽ 2023

| | | |
|---|---|---|
| 1 ശനി | : | 6.15 am: വി. കുർബാന<br>രോഗീദിനം<br>9.00 am: കുമ്പസാരം<br>10.00 am: വി. കുർബാന രോഗികൾക്ക്<br>നേതൃത്വം: യൂത്ത് CLC |
| 2 ഞായർ | : | ഓശാന ഞായർ<br>6.00 am: കുരുത്തോല വെഞ്ചിരിപ്പ് ഗ്രോട്ടോയിൽ തുടർന്ന് വി.കുർബാന<br>10.00 am: വി. കുർബാന<br>4.30 pm: വി. കുർബാന<br>7.00 pm: കുരിശിന്റെ വഴി സമാപനം |
| 3 തിങ്കൾ | : | 6.15 am വി. കുർബാന തുടർന്ന് കുമ്പസാരം 8.30 am വരെ |
| 4 ചൊവ്വ | : | 6.15 am : വി. കുർബാന തുടർന്ന് കുമ്പസാരം 8.30 am വരെ<br>10 am – 12 pm: കുമ്പസാരം<br>3 pm – 5 pm: കുമ്പസാരം<br>5.30 pm – 7.30 pm : കുമ്പസാരം |
| 5 ബുധൻ | : | 6.15 am: വി. കുർബാന തുടർന്ന്<br>കുമ്പസാരം 8.30 am വരെ<br>വൈകീട്ട് 3.30 pm – 6.30 pm വരെ കുമ്പസാരം |
| 6 വ്യാഴം | : | പെസഹ വ്യാഴം<br>6.15 am: വി. കുർബാന തുടർന്ന് ആരാധന<br>7.00 pm – 8.00 p.m: പൊതു ആരാധന, കുരിശിന്റെ വഴി സമാപനം,<br>പെസഹ സമാപന ആരാധന, അപ്പം മുറിക്കൽ ശുശ്രൂഷ |
| 7 വെള്ളി | : | 6.00 am – 7.00 a.m ആരാധന<br>7.00 am: ദു:ഖവെള്ളി തിരുകർമ്മങ്ങൾ<br>4.30 pm: പീഡാനുഭവ സന്ദേശം<br>5.00 pm: പരിഹാരപ്രദക്ഷിണം |
| 8 ശനി | : | ദു:ഖ ശനി<br>6.15 am: വി. കുർബാന, മാമ്മോദീസ വ്രത നവീകരണം, വെള്ളം വെഞ്ചിരിപ്പ്<br>11.45 pm: ഈസ്റ്റർ തിരുകർമ്മങ്ങൾ |
| 9 ഞായർ | : | 6.00 a.m, 8.00 a.m വി. കുർബാന |
| 12 ബുധൻ | : | പരി. വിജയമാതാവിന്റെ ഒന്നാം ബുധൻ ആചരണം<br>5.30 pm: ലദീഞ്ഞ്, വി. കുർബാന, നൊവേന |
| 15 ശനി | : | 6.15 am: വി. കുർബാന |

| | | |
|---|---|---|
| 16 ഞായർ | : | പുതുഞായർ<br>6.15 am: വി. കുർബാന നേതൃത്വം ലൂർദ്ദ് മാത<br>10.00 am, 4.30 p.m വി. കുർബാന |
| 19 ബുധൻ | : | പരി. വിജയമാതാവിന്റെ രണ്ടാം ബുധൻ ആചരണം<br>5.30 pm: ലദീഞ്ഞ്, വി. കുർബാന, നൊവേന |
| 23 ഞായർ | : | 6.15 am: വി. കുർബാന നേതൃത്വം സെന്റ് ജോർജ്ജ്<br>ഗീവർഗ്ഗീസിന്റെ തിരുനാൾ |
| 25 ചൊവ്വ | : | വി. മാർക്കോസിന്റെ തിരുനാൾ |
| 26 ബുധൻ | : | പരി. വിജയമാതാവിന്റെ 3-ാം ബുധൻ ആചരണം<br>5.30 pm: ലദീഞ്ഞ്, വി. കുർബാന, നൊവേന |
| 30 ഞായർ | : | 6.15 am: വി. കുർബാന നേതൃത്വം സെന്റ് റോസ്<br>10.00 am, 4.30 pm: വി. കുർബാന |

# മതബോധന വാർത്തകൾ

## പി. ടി. എ. മീറ്റിംഗ്

2023 മാർച്ച് 12-ാം തിയ്യതി ഞായർ രണ്ടാമത്തെ വി. കുർബാനക്ക് ശേഷം 1 മുതൽ 6 വരെയുള്ള വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും, വേണ്ടി ശ്രീ ശശി ഇമ്മാനുവേൽ സാർ "കുടുംബവും വിശ്വാസ പരിശീലനവും" എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി. തുടർന്ന് അദ്ധ്യാപകരും മാതാപിതാക്കളും കുട്ടികളുടെ പഠനകാര്യങ്ങൾ അവലോകനം നടത്തി.

2023 മാർച്ച് 19-ാം തിയ്യതി ഞായർ രണ്ടാമത്തെ വി. കുർബാനക്ക് ശേഷം 7 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും ശ്രീ ശശി ഇമ്മാനുവേൽ സാറിന്റെ ക്ലാസ്സ് ഉണ്ടായിരുന്നു. തുടർന്ന് മാതാപിതാക്കൾ അദ്ധ്യാപകരെ കണ്ട് കുട്ടികളുടെ വിശ്വാസ പരിശീലന കാര്യങ്ങൾ അവലോകനം നടത്തി.

## എ സി സി യാത്രയയപ്പ് യോഗം

എ. സി. സി. പഠനവും വിശ്വാസ പരിശീലനത്തിന്റെ സമാപനവും, യാത്രയയപ്പു യോഗവും സംഘടിപ്പിച്ചു. എ. സി. സി. കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. വിദ്യാർത്ഥികളുടെ അനുഭവങ്ങൾ പ്രസ്തുത ചടങ്ങിൽ പങ്കുവെച്ചു. എല്ലാ അദ്ധ്യാപകരും, വികാരിയച്ചനും, പി ടി എ പ്രസിഡണ്ടും ചടങ്ങിൽ പങ്കെടുത്തു.

# 2023 മാർച്ച് 19–ാം തിയ്യതി സ്മാർട്ട് ക്ലാസിൽ ചേർന്ന പ്രതിനിധിയോഗത്തിലെ പ്രധാന തീരുമാനങ്ങൾ

01. 2023 ജനുവരി തിരുനാളിന്റെ കണക്ക് കഴിഞ്ഞ പ്രതിനിധിയോഗത്തിൽ പാസാക്കിയതാണെങ്കിലും തിരുനാൾ കമ്മിറ്റി മീറ്റിങ്ങിൽ കണക്ക് അവതരിപ്പിച്ചത് പ്രകാരം കണക്ക് ഉൾക്കൊള്ളിച്ച രീതിയിലുണ്ടായ വ്യത്യാസം കൈക്കാരൻ ശ്രീ വർഗ്ഗീസ്. എൻ.എൽ യോഗത്തെ അറിയിക്കുകയും കണക്കിൽ തിരുത്തലുണ്ടായത് പ്രതിനിധിയോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു.

02. തിരുനാളിന്റെ വരവ് ചിലവ് കൈകാര്യം ചെയ്യുന്നതിനും, തിരുനാൾ കണക്ക് എഴുതുന്നതിനും വേണ്ടി വരും വർഷങ്ങളിൽ തിരുനാൾ കമ്മിറ്റിയിൽ ഫിനാൻസ് കൺവീനറെ തിരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചു.

03. പള്ളി ഓഫീസ് ക്ലർക്ക് സോമി ഔസേപ്പിനെ ഫുൾ ടൈം ജീവനക്കാരിയാക്കുന്നതിനും, കണ്ണനായ്ക്കൽ ജോസിനെ പാർട്ട് ടൈം ജീവനക്കാരനാക്കുന്നതിനും യോഗം അംഗീകാരം നൽകി.

04. ജൂബിലി ഹാളിന്റെ ഇതേവരെയുള്ള പ്രവർത്തനങ്ങൾ കൺവീനർ ജെറി തോമസ് വിവരിച്ചു. വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനത്തിലൂടെ ജൂബിലി ഹാളിന് താൽക്കാലിക പ്രവർത്തന അനുമതി ലഭിച്ചത് യോഗത്തെ അറിയിച്ചു.

05. 2023 മെയ് 7 –ാം തിയ്യതി രാവിലെ 8 മണി മുതൽ ഇടവകതല കുടുംബ അസംബ്ലി നടത്തുന്നതിന് തീരുമാനിച്ചു. വികാരി, കൈക്കാരന്മാർ, പ്രതിനിധിയോഗം സെക്രട്ടറി, കുടുംബകൂട്ടായ്മ പ്രസിഡണ്ട്മാർ, ആനിമേറ്റർമാർ, യൂണിറ്റ്തല കുടുംബ അസംബ്ലിയിൽനിന്ന് തിരഞ്ഞെടുത്ത പ്രതിനിധികൾ എന്നിവരുമാണ് ഇടവകതല കുടുംബ അസംബ്ലിയിൽ പങ്കെടുക്കേണ്ടത്.

06. 2023 മെയ് 14–ാം തിയ്യതി ഞായറാഴ്ച ഇടവക ദിനം നടത്തുന്നതിന് തീരുമാനിച്ചു.


07. ഓശാന ഞായറാഴ്ചത്തെ തിരുകർമ്മങ്ങൾ ഗ്രോട്ടോയിൽ നിന്ന് ആരംഭിച്ച് കുരുത്തോല പ്രദക്ഷിണമായി പള്ളിയിൽ എത്തിച്ചേരുന്നു. പെസഹ വ്യാഴം ഊട്ട് നടത്തുന്നതിനും, പെസഹ അപ്പം മുറിക്കുന്നതിനും തീരുമാനിച്ചു. പെസഹ വ്യാഴം കാൽകഴുകൽ ശുശ്രൂഷക്ക് അൾത്താര ബാലസംഘത്തിലെ കുട്ടികളെ തിരഞ്ഞെടുക്കുന്നു.

08. ദു:ഖവെള്ളി പരിഹാര പ്രദക്ഷിണം പള്ളിയിൽ നിന്നും സ്കൂൾ വഴിയിൽ പ്രവേശിച്ച് നട്ടാക്ക്പാടം വഴി നാലുംകൂടിയ ജംഗ്ഷനിൽ നിന്ന് വലത്തോട്ട് തിരിഞ്ഞ് ഓട്ട് കമ്പനി വഴിയിൽ കൂടി ഹൈവേയിൽ പ്രവേശിച്ച് പള്ളിയിൽ എത്തിച്ചേരുന്നു.

09. സീനിയർ CLC ഈസ്റ്റർ ദിനത്തിന് നോമ്പ്തുറ നടത്തുന്നതിന് സമർപ്പിച്ച അപേക്ഷയും, KCYM ഈസ്റ്റർ എഗ്ഗ് വിതരണം നടത്തുന്നതിന് സമർപ്പിച്ച അപേക്ഷയും പരിഗണിച്ചു.

# 41-ാം ചരമദിനം

04.04.2023



## തരകൻ ഔസേപ്പ് ഭാര്യ

# ത്രേസ്യ

ജനനം : 14.12.1940

മരണം : 23.02.2023

# MECHA TECH
## AUTOCARE

MULTI BRAND

Peramangalam P.O, Mundur, Thrissur-680 545

- EXPRESS OIL CHANGE
- GENERAL REPAIR'S
- AUTO ELECTRICAL WORKS
- CAR A/C
- VEHICLE SCANNING
- BATTERY
- ACCESSORIES
- BRAKE DOWN 24X7




**എല്ലാ മൾട്ടിബ്രാന്റ് കാറുകളുടെയും**
**ഡെന്റിങ്ങ് & പെയിന്റിങ്ങ്**
**ചെയ്തുകൊടുക്കുന്നു**



Robert : 8921453263
9961830701
Shaju : 9633008444
Sanoj : 9447567870

എല്ലാവിധ
വാഹനങ്ങളുടേയും
ബാറ്ററികളും
ഇൻവെർട്ടറുകളും
ഇവിടെ ലഭ്യമാണ്

AMARA RAJA

AMARON®
LASTS LONG, REALLY LONG.



*Conditions apply

SUZUKI TOYOTA LEXUS HONDA Mercedes-Benz
TATA KIA Audi Volkswagen HYUNDAI

10. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഓണവെക്കേഷന് ഇസ്രായേൽ, പലസ്തീൻ, ജോർദ്ദാൻ, ഈജിപ്ത് എന്നീ വിശുദ്ധ സ്ഥലങ്ങൾ സന്ദർശനം നടത്തുന്നു. 142000/ രൂപയാണ് ഒരു വ്യക്തിക്ക് ഏകദേശം ചിലവ് പ്രതീക്ഷിക്കുന്നതെന്ന് ഇ.ഡി. ബെന്നി യോഗത്തിൽ അറിയിച്ചു.

11. മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ ഒറീസ സന്ദർശനത്തെ കുറിച്ച് ബ്ലസൻ മാഷ് വിവരിച്ചു. 14 പേരാണ് സന്ദർശനം നടത്തിയത്. അവിടെ പരിമിതമായ സാഹചര്യത്തിലാണ് ദേവാലയങ്ങളും, സ്കൂളുകളും പ്രവർത്തിച്ച് വരുന്നത്. വിദ്യാഭ്യാസം, ദേവാലയ നിർമ്മാണം തുടങ്ങി അനവധി ആവശ്യങ്ങൾ അവർക്കുണ്ട്. സാധിക്കുന്നവർ സാമ്പത്തിക സഹായം നൽകണമെന്ന് ബ്ലസൻ മാഷ് യോഗത്തെ അറിയിച്ചു.

12. സമൂഹത്തിൽ സന്യസ്തരെ അവഹേളിക്കുന്ന തരത്തിലുള്ള കക്കുകളി നാടകം നിരോധിക്കണമെന്നും, ഈ നാടകത്തിനെതിരെ ശക്തമായ പ്രതിഷേധം അറിയിക്കുകയും ചെയ്തു.

13. സെന്റ് ജോസഫ് കപ്പേളയിൽ മെയ് 01 -ാം തിയ്യതി തിരുനാൾ നടത്തുന്നതിനും, കപ്പേള അലങ്കരിക്കുന്നതിനും സമർപ്പിച്ച അപേക്ഷ പരിഗണിച്ചു.

14. YOUTH CLC ആവശ്യപ്പെട്ടത് പ്രകാരം വിജയമാത കോളേജിന്റെ പുറകിലായി വൈകീട്ട് 7 മണി മുതൽ 9 മണിവരെ ഷട്ടിൽ ബാഡ്മിന്റൺ കളിക്കുന്നതിന് അനുമതി നൽകി.

15. ജൂബിലി ഹാളിന്റെ വാടക 30000/- രൂപയും, ഹാൾ അഡ്വാൻസ് ബുക്കിങ്ങ് ചെയ്തിരിക്കുന്നവർക്ക് 20000/- രൂപയുമായിരിക്കും. ഹാളിൽ പ്രോഗ്രാം നടത്തുന്നവർ എയർ കണ്ടീഷൻ ഉപയോഗിക്കുകയാണെങ്കിൽ പരമാവധി 3 മണിക്കൂറിന് 10000/- രൂപയും, കോഷൻ ഡെപ്പോസിറ്റ് 5000/- രൂപയും വാങ്ങുന്നതിന് തീരുമാനിച്ചു.

**ഷാജൻ സി. എ.**
പ്രതിനിധിയോഗം സെക്രട്ടറി

## ഏപ്രിൽ മാസത്തെ മീറ്റിംഗുകൾ

| | | |
|---|---|---|
| 15 ശനി : | 7.15 am : | തിരുബാലസഖ്യം |
| | 2.30 pm : | മാതൃവേദി |
| | 4.30 pm : | അൾത്താരബാലസംഘം |
| 16 ഞായർ : | 7.45 am : | പ്രതിനിധിയോഗം |
| | 11.30 am : | ഗായകസംഘം |
| 19 ബുധൻ: | 7.00 pm : | മരിയരശ്മി |
| 23 ഞായർ : | 7.45 am : | സീനിയർ CLC, KCYM |
| | 11.30 am : | യൂത്ത് CLC |
| 26 ബുധൻ: | 7.00 pm : | പുവ്വർഫണ്ട് കമ്മിറ്റി |
| 30 ഞായർ: | 7.45 am : | ഫ്രാൻസിസ്കൻ അൽമായസഭ |

# കുടുംബ കൂട്ടായ്മയിൽ ചർച്ച ചെയ്യാൻ

## *മാമോദീസ*

ഏതാനും മാസങ്ങൾക്കുമുൻപ് നടന്ന ഒരു മാമോദീസ ഓർക്കുകയാണ്. ബാഹ്യആഘോഷങ്ങൾക്കിടയിൽ നിന്ന് മാമോദീസ സ്വീകരിക്കുന്ന ശിശുവിനേയും കൊണ്ട് വളരെ കുറച്ച് ആളുകൾ പള്ളിയുടെ മോണ്ടകത്ത് നിൽക്കുന്നു. ദൈവാലയത്തിലെ തീർത്തും അപരിചിതമായ സാഹചര്യത്തിൽ കുഞ്ഞ് ഉച്ചത്തിൽ നിലവിളിക്കുന്നു. കുഞ്ഞിന്റെ നിലവിളിമാറ്റാൻ പലതരത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിച്ച് അമ്മയും അമ്മാമയും കിണഞ്ഞു പരിശ്രമിക്കുന്നു. അതുകണ്ട് മറ്റുള്ളവർ പൊട്ടിച്ചിരിക്കുന്നു. ഈ ശബ്ദങ്ങളുടെ ഇടയിൽ താൻ ചൊല്ലുന്ന പ്രാർത്ഥനകേൾക്കാൻ പോലും കഴിയാതെ പാടുപ്പെടുന്ന വൈദീകൻ

ഇങ്ങനെമാമോദീസായുടെ പ്രാധാന്യം മനസ്സിലാകാതെ കേവലം ഒരു ചടങ്ങുപോലെ ഇതിനെമാറ്റുന്ന അനേകം സംഭവങ്ങൾ നമുക്ക് കാണാനാകും.

ജന്മപാപവും കർമ്മപാപവുമുണ്ടെങ്കിൽ അതും നീക്കി നമ്മെ ദൈവത്തിന്റെ മക്കളും സഭയുടെ അംഗങ്ങളും, സ്വർഗ്ഗത്തിന് അവകാശികളുമാക്കുന്ന കൂദാശയാണ് മാമോദീസ. നമ്മുടെ സഭയിൽ പ്രവേശക കൂദാശകളായ മാമോദീസ,സ്ഥൈര്യലേപനം, വി. കുർബാന ഇവ മൂന്നും ഒരുമിച്ചാണ് നൽകുന്നത്. മാമോദീസായെ ജലത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനം എന്നാണ് യോഹന്നാന്റെ സുവിശേഷത്തിലൂടെ വചനം നമ്മെ പഠിപ്പിക്കുന്നത്. മാമോദീസായിലൂടെ ഒരു വ്യക്തി ക്രൈസ്തവനാമം സ്വീകരിച്ച് വിശുദ്ധരുടെ ഗണത്തിൽ അംഗമാക്കുന്നു. മാമോദീസായിൽ ഇടുന്ന പേര് ആ കുഞ്ഞിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ അഥവാ മദ്ധ്യസ്ഥയുടെ ആണ്.അത് കേവലം അപ്പാപ്പന്റെ അമ്മാമയുടെ പേരായി മാറുന്ന അവസ്ഥയാണ് ഇന്നുള്ളത്. മാമോദീസയിൽ കുഞ്ഞിന്റെ തല തൊടുന്നവർ കുഞ്ഞിനെ വിശ്വാസജീവിതത്തിൽ വളർത്താൻ സാധിക്കുന്നവരായിരിക്കണം. കുഞ്ഞ് വളർന്നു വന്ന് ആഘോഷമായ വി. കുർബാനയും ആദ്യകുമ്പസാരവും സ്വീകരിക്കുന്നതുവരെയും കുഞ്ഞിന്റെ ആത്മീയ കാര്യങ്ങളിൽ മാതാപിതാക്കളെ സഹായിക്കാൻ സാധിക്കുന്നവരേ തലതൊടാൻ വരാവൂ.

•കുഞ്ഞ് ജനിച്ച് 8-ാം ദിവസമാണ് ആദ്യകാലങ്ങളിൽ മാമോദീസ ന ല്കിയിരുന്നത്. പിന്നീട് ഇപ്പോൾ 60 ദിവസം കഴിഞ്ഞ് 90 ദിവസം കഴി ഞ്ഞ് എന്നൊക്കെ ആയിട്ടുണ്ട് . എത്രയും പെട്ടെന്ന് കുഞ്ഞിന് ഈ ശോയെ നല്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. മാമോദീസായ് ക്ക് നൽകുന്ന വെള്ള വസ്ത്രം വിശുദ്ധിയുടെ പ്രതീകം കൂടിയാണ്. വിശുദ്ധിയിൽ വളർന്നുവരുവാൻ മക്കളെ മാതാപിതാക്കൾ സഹായി ക്കണം

- മാമോദീസ എന്നാൽ എന്താണ്?
- മാമോദീസായ്ക്ക് ഒരുകുഞ്ഞിനേയും മാതാപിതാക്കളേയും എങ്ങനെഒരുക്കാൻ സാധിക്കും?
- നിങ്ങൾ ആരുടെയെങ്കിലും ജ്ഞാനസ്നാന മാതാപിതാക്കൾ ആയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ കുഞ്ഞിനെ വിശ്വാസത്തിൽ വളർത്താൻ നിങ്ങൾ എന്താണ് ചെയ്യുന്നത്

# ആഘോഷമായ ആദ്യകുർബാനസ്വീകരണവും ആദ്യകുമ്പസാരവും സ്ഥൈര്യലേപനവും

**ക്ലാസുകളുടെ സമയം**

തിങ്കൾ മുതൽ ശനി വരെ രാവിലെ 7.15 മുതൽ 10 മണി വരെ, ഞായർ മുടക്ക്

**ക്ലാസുകൾ തുടങ്ങുന്നത്**

***2023 ഏപ്രിൽ 11 ചൊവ്വ*** രാവിലെ കുർബാനക്കുശേഷം പള്ളിയിൽ വെച്ച് നടക്കുന്ന പ്രാർത്ഥന ശുശ്രൂഷയിലൂടെ ആരംഭിക്കുന്നു

***മെയ്4 വ്യാഴം*** 6.pm: മാതാപിതാക്കൾക്ക് ക്ലാസ്, കുമ്പസാരം

***മെയ് 5 വെള്ളി*** രാവിലെ 7.15ന് ആദ്യകുമ്പസാരം

***മെയ് 6 ശനി*** രാവിലെ 9.00am ആഘോഷമായ ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപനവും

## കുട്ടികൾക്കായുള്ള അവധിക്കാലക്യാമ്പ്

**2023 ഏപ്രിൽ 24, 25, 26 (തിങ്കൾ, ചൊവ്വ, ബുധൻ) ദിവസങ്ങളിൽ**

നേതൃത്വം : കർമ്മലീത്ത സഭയിലെ വൈദീക വിദ്യാർത്ഥികൾ (CMI)

5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് ഉൾപ്പെടെയുള്ളവർക്കായി.

# പെസഹാ ആരാധന – 2023
# 06/04/2023

| സമയം | കുടുംബകൂട്ടായ്മകൾ, സംഘടനകൾ |
|---|---|
| 9.00 – 10.00(am) | മതബോധന അദ്ധ്യാപകർ |
| | സെ.ജോസഫ് |
| | സെ.ആൻസ് |
| | ക്യൂൻമേരി |
| 10.00 – 11.00(AM) | മാതൃവേദി |
| | സെ.കോൾബെ |
| | സെ.പീറ്റർ |
| | ബെത്ലെഹം |
| 11.00(AM) – 12.00(pm) | സീനിയർ CLC |
| | സെ.അൽഫോൻസ |
| | സെ.അഗസ്റ്റിൻ |
| | സെ.ഫ്രാൻസിസ് |
| 12.00 – 1.00(PM) | ഫ്രാൻസിസ്കൻ അൽമായസഭ |
| | സെ.ലൂക്ക് |
| | ലിറ്റിൽഫ്ളവർ, സെ.സെബാസ്റ്റ്യൻ |
| 1.00 – 2.00(PM) | സെ.വിൻസെന്റ് ഡി പോൾ |
| | സെ.ജോൺ, സേക്രഡ് ഹാർഡ്, ജോൺപോൾ II |
| 2.00 – 3.00(PM) | KLM |
| | ഹോളി ഫാമിലി |
| | സെ.റോസ്, മറിയംത്രേസ്യ |
| 3.00 – 4.00(PM) | യൂത്ത് CLC |
| | ലൂർദ്ദ് മാത |
| | വിജയമാത, സെ.അലോഷ്യസ് |
| 4.00 – 5.00(PM) | KCYM |
| | സെ.ജോർജ്ജ് |
| | സെ.തോമസ് , ചെറുപുഷ്പം |
| 5.00 – 6.00(PM) | അൾത്താര ബാലസംഘം, ഗായകസംഘം, ജൂനിയർ CLC |
| | നിത്യസഹായമാത, വിമലനാഥ |
| 6.00 – 7.00(PM) | പ്രതിനിധിയോഗം, സെ.തെരേസ |
| | സെ.ബെർക്കുമൻസ്, സെ.പോൾ |

# കുട്ടികൂട്ടായ്മ സമ്മേളനം ഏപ്രിൽ 2023

1 പരിശുദ്ധാത്മാവേ.... (ഗാനം)

2 തിരിതെളിയിക്കൽ കുട്ടികൂട്ടായ്മ പ്രതിനിധികൾ

3 ബൈബിൾ പ്രതിഷ്ഠ : ഒരോ കുട്ടിയും ബൈബിൾ തൊട്ടുവണങ്ങി പ്രാർത്ഥിക്കുന്നു. ആ സമയത്ത് സുവിശേഷഗീതം ആലപിക്കുന്നു

4 വചനാരാധന: ഓരോരുത്തരും സ്വസ്ഥാനങ്ങളിൽ ഇരുന്ന് വചനം മാറി മാറി പറയുന്നു. ഓരോ വചനം പറഞ്ഞു കഴിയുമ്പോഴും രണ്ടുവരി ഗാനം ആലപിക്കുന്നു

ഉദാ: ആരാധനാ.......... ആരാധനാ

വചനമേ.......... ആരാധനാ

5 വചനവായന : മത്തായി 13:1 –9

കുട്ടികൾ ആരെങ്കിലും ഉറക്കെ വായിക്കുന്നു

6 വചനപഠനം : കുട്ടികൾ ഗ്രഹിക്കാൻ വേണ്ടി ആനിമേറ്റർ ചില ചോദ്യങ്ങൾ ചോദിക്കുന്നു

ഉദാ:
1. ആരാണ് വിതക്കാരൻ?
2. എന്താണ് വിതക്കാൻ വിതച്ചത്?
3. വിത്ത് എവിടെയെല്ലാമാണ് വീണത്?
4. ഓരോ നിലവും നമ്മുടെ ഹൃദയമാണെങ്കിൽ വിവധ തരം ഹൃദയങ്ങൾ ഏവ?
5. എന്റെ ഹൃദയം നല്ല നിലമാകാൻ ഞാൻ എന്തു ചെയ്യണം?

7 മദ്ധ്യസ്ഥ പ്രാർത്ഥന: കുട്ടികൾ മാറി മാറി വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുന്നു

8 ഗെയിം: വചനബോൾ പാസിംഗ്: ഒരു പന്തോ മറ്റെന്തെങ്കിലുമോ കുട്ടികൾ വട്ടത്തിൽ നിന്ന് പാസ് ചെയ്യുന്നു പന്ത് കിട്ടുന്ന ആൾ ഒരു വചനം പറയണം . കിട്ടിയില്ലെങ്കിൽ ഔട്ട്

9 സമാപനഗാനം: മാതാവിന്റെ ഗാനം

# ഭക്തസംഘടന ഏകോപനസമിതി

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

1) ഇടവക തലത്തിൽ നടത്തപ്പെടുന്ന കുടുംബ അസംബ്ലിയുടെ രണ്ടാം ഘട്ടത്തിലുള്ള ഭവനകൂട്ടായ്മ പ്രവർത്തനങ്ങളിൽ ആനിമേറ്റേഴ്സ് ആയി അംഗങ്ങളായ രണ്ടു പേരെ തിരഞ്ഞെടുത്ത തിൽ അനുമോദിച്ചു. കുടുംബ അസംബ്ലിയിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു.

2) പാലയൂർ തീർത്ഥാടനത്തിന്റെ ഭാഗമായി വെള്ളിയാഴ്ചകളിൽ നടത്തപ്പെടുന്ന ജാഗരണ പദയാത്രകളിൽ കോൺഫറൻസ് അംഗങ്ങൾ പങ്കെടുത്തു.

3) ഇടവകയിലെ ഡയാലിസിസിന് വിധേയമാകുന്ന ഒരു പാവപെട്ട കുടുംബത്തിലെ രോഗിക്ക് ധനസഹായം അനുവദിച്ചു നൽകി.

4) ഓണ അവധിക്കാലം ആരംഭിക്കുന്ന 2023 ഓഗസ്റ്റ് 27 മുതലുള്ള തിയതികളിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ എറണാകുളത്തുള്ള വീഗോ ഹോളിഡേയ്സ്മായി സഹകരിച്ചു കൊണ്ട് 11 ദിവസത്തെ വിശുദ്ധനാട് തീർത്ഥാടനം സംഘടിപ്പിക്കുന്നു. യാത്രയിൽ യേശുവിന്റെ പാദസ്പർശനമേറ്റ ചരിത്ര സ്മരണകൾ ഉണർത്തുന്ന ജോർദ്ദാൻ, ഇസ്രായേൽ, പലസ്തീൻ, ജെറുസലേം, തുടങ്ങിയ രാജ്യങ്ങളിലെ ഒട്ടനവധി സ്ഥലങ്ങൾ സന്ദർശിക്കുന്നതാണ്. ഒരു വ്യക്തിക്ക് ഏകദേശം 1,42,000/- രൂപയോളം ചെലവ് വരുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വികാരിയച്ചന്റെയോ സൊസൈറ്റി അംഗങ്ങളുടെ പക്കലോ എത്രയും വേഗം പേരുകൾ നൽകേണ്ടതാണ്. പാസ്പോർട്ട് ഇല്ലാത്തവർക്ക് ആയത് ലഭ്യമാക്കി കൊടുക്കുന്നതാണ്.

5) കോൺഫറൻസ് അംഗങ്ങളുടെ ആത്മീയ ഉണർവിന് വേണ്ടി നോമ്പുകാലത്തു നടത്തിവരുന്ന ഏകദിന ഉപവാസ പ്രാർത്ഥന പരിപാടി കൊട്ടേക്കാട് ഫൊറോന ഏരിയ കൗൺസിലിന്റെ നേതൃത്വത്തിൽ വിയ്യൂർ പള്ളിയിൽ വെച്ച് 12.3.2023 ന് നടത്തപ്പെടുകയുണ്ടായി, ആയതിൽ അംഗങ്ങൾ സംബന്ധിച്ചു.

6) ഇടവകയിൽ നിന്നും വികാരിയച്ചന്റെ നേതൃത്വത്തിൽ മിഷൻ പ്രവർത്തനങ്ങളെ നേരിൽ കാണുന്നതിനും അവർക്കു കഴിയാവുന്ന വിധത്തിലുള്ള സഹായങ്ങൾ നൽകുന്നതിനും വേണ്ടി ഒഡീഷയിലെ കാണ്ഡമാൽ എന്ന സ്ഥലത്തേക്ക് പോകുന്ന യാത്ര

സംഘത്തിൽ വിശ്വാസ പരിശീലന അധ്യാപക രക്ഷാകർത്തൃ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും കോൺഫറൻസ് സെക്രട്ടറിയുമായ ഇ. ഡി. ബെന്നിയെ ഉൾപ്പെടുത്തിയതിൽ യോഗം അഭിനന്ദിക്കുകയും യാത്രമംഗളങ്ങൾ നേരുകയും ചെയ്തു.

7) മുൻ കോൺഫറൻസ് പ്രസിഡന്റ് എൻ. എൽ. വാറുണ്ണിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപെടുത്തി. പരേതാത്മാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

8) ഇടവക അംഗമായ കുന്നപ്പിള്ളി ജോസ് മകൻ ജോയ് (63 വയസ്സ്) മരണമടഞ്ഞതിനെ തുടർന്നു സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ തൃശൂർ മെഡിക്കൽ കോളേജിലെ നേത്രബാങ്കിലേക്ക് കണ്ണുകൾ ദാനം ചെയ്തു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും പരേതാത്മാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

10) 12.3.2023 ന് ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നടത്തിയ സി. സി. അംഗത്വ സംഗമത്തിൽ മുൻ സെൻട്രൽ കൗൺസിൽ ഭാരവാഹിയായിരുന്ന ഇ. ഡി. ബെന്നിയെ ഉപഹാരം നൽകി ആദരിച്ചു. കോൺഫറൻസിന്റെ അനുമോദനങ്ങൾ നേരുന്നു.

## CLC YOUTH പ്രവർത്തന റിപ്പോർട്ട്

- 12/03/2023 ഞായറാഴ്ച രണ്ടാമത്തെ വിശുദ്ധ കുർബാനക്ക് യൂത്ത് സി എൽ സി അംഗങ്ങൾ നേതൃത്വം നൽകി .
- മലയാറ്റൂർ തീർത്ഥാടന യാത്ര
- യൂത്ത് സി.ൽ.സി യുടെ നേതൃത്വത്തിൽ ഓശാന ശനിയാഴ്ച്ച രാത്രി 7.00 മണിയ്ക്കും ദുഃഖവെള്ളിയാഴ്ച്ച രാത്രി 7.30 നും മലയാറ്റൂർ പോകുന്നതിന് സൗകര്യം ഒരുക്കിയിരിക്കുന്നു. സീറ്റ് ഒന്നിന് 280/- രൂപ. സീറ്റ് ബുക്ക് ചെയ്യുന്നതിനായി സി.എൽ.സി യൂത്ത് അംഗങ്ങളെ സമീപിക്കുക. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## KLM

- ഫെബ്രുവരി 19 ഞായറാഴ്ച ആദ്യത്തെ വിശുദ്ധ കുർബാനക്ക് കെ.എൽ.എം. നേതൃത്വം നൽകി.
- മാർച്ച് 12 ഞായറാഴ്ചത്തെ കുരിശിന്റെ വഴി പ്രാർത്ഥനയുടെ സമാപനത്തിൽ കെ.എൽ.എം.ന്റെ നേതൃത്വത്തിൽ ദാഹജലം നൽകി.
- മാർച്ച് മാസത്തെ ജനറൽ ബോഡി മീറ്റിംഗ് കൂടുകയും കെ.എൽ.എം. യൂണിറ്റിലെ തൊഴിലാളികളുടെ കുടുംബസംഗമം ഏപ്രിൽ 23 ന് നടത്താമെന്നു തീരുമാനിക്കുകയും ചെയ്തു

## മാതൃവേദി

- ഫെബ്രുവരി 26ന് കുരിശിന്റെവഴിക്ക് ശേഷം ദൈവജനത്തിന് ദാഹജലം വിതരണം ചെയ്തു
- മാർച്ച് 11ന് വികാരി അച്ചന്റെ നാമഹേതുക തിരുനാൾ മാതൃവേദി മീറ്റിംഗിൽ സമുചിതമായി ആഘോഷിച്ചു.
- മാർച്ച് 30ന് 14 പള്ളികളിലേക്കുള്ള നോമ്പ്കാല തീർത്ഥാടനത്തിന് 200ന് അടുത്ത് ദൈവജനത്തെ ഒരുക്കി.
- മാർച്ച് 13-ാം തിയതി കക്കുകളി നാടകത്തിന് എതിരെ തൃശ്ശൂർ അതിരൂപത നടത്തിയ പ്രതിഷേധ മാർച്ചിൽ പേരാമംഗലം മാതൃവേദിയിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു.

## K.C.Y.M

- ഫെബ്രുവരി 26 ഞായറാഴ്ച ആദ്യ കുർബാനയ്ക്ക് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി.
- ലോക വനിതാ ദിനത്തോട് അനുബന്ധിച്ച് മാർച്ച് 5 ഞായറാഴ്ച, 4 കുട്ടികളുള്ള വനിതകളെ ആദരിച്ചു.
- മാർച്ച് 5 ഞായറാഴ്ച കുരിശിന്റെ വഴിക്ക് ശേഷം ദാഹജലം വിതരണം ചെയ്തു.
- മാർച്ച് 12 ഞായറാഴ്ച, ക്രൈസ്തവ വിശ്വാസത്തെയും, സമർപ്പിത ജീവിതത്തെയും അവഹേളിക്കുന്ന കക്കുകളി നാടകത്തിനെതിരെ KCYM പ്രതിഷേധിച്ചു.

## ഫ്രാൻസിസ്കൻ അല്മായ സഭ

- മാർച്ച് പതിനെട്ടാം തീയതി രാവിലെ 9 മുതൽ 12 വരെ ഫ്രാൻസിസ്കൻ അല്മായ സഭയുടെ നേതൃത്വത്തിൽ അർദ്ധദിന സെമിനാറും അംഗങ്ങൾക്കായി നേതൃത്വ ക്യാമ്പും നടത്തി. വടക്കാഞ്ചേരി, മറ്റം, പാലയൂർ റീജിയണിൽപെട്ട നാല്പതോളം പള്ളികളിൽ നിന്നുള്ള 5 വീതം ഭാരവാഹികളാണ് സമ്മേളനത്തിൽ പങ്കെടുത്തത്.
- മാർച്ച് 23ന് പേരാമംഗലം പള്ളിയിൽ വച്ച് രാവിലെ 9 മണി മുതൽ ഫ്രാൻസിസ്കൻ അൽമായ സഭയുടെ നേതൃത്വത്തിൽ 'ഓൾഡ് ഈസ് ഗോൾഡ്' എന്ന പരിപാടി വിശുദ്ധ കുർബാനയോടും കുമ്പസാരത്തോടും കൂടി നടത്തി.


CONQUERING EXCELLENCE
SINCE 2008
MINI TEACHER
B.Sc, B.Ed
TUITION
FOR
VIII,IX,X
ADMISSION STARTED FOR
CLASS VIII, IX, X
AN EXCLUSIVE COACHING CENTRE FOR CBSE STUDENTS
INSIGHT
ACADEMY
PERAMANGALAM
CLASSES FOR VIII,IX,X
9446421670, 9633247832



FOR SALE
1000 sq (5 CENT)
NO BROKERS
PERAMANGALAM
മനപ്പടി ബസ് സ്റ്റോപ്പിൽ നിന്നും 800 മീറ്റർ ദൂരം മാത്രം.
(നിത്യസഹായ മാതാ കപ്പേളക്ക് എതിർവശം)
കൂടാതെ 5 സെന്റ് / 10 സെന്റ് പ്ലോട്ടുകളും ലഭ്യമാണ്
PH : 9961731640




81 29 34 65 28, 81 29 82 56 00
fssai Lic No.: 11316008000847 | GSTIN : 32AYNPG9795K1ZN
Email :georgefoods85@gmail.com
TOGETHER WITH PASSION
GEORGE
FOODS
CATERERS
ADAT, THRISSUR



ബോധന രശ്മി

ജിൻസി സന്തോഷ്

# രക്ഷാകര രഹസ്യങ്ങൾ

അക്ഷരങ്ങളിൽ ഒതുക്കാനാവാത്ത കരുണയുടെ പ്രവാഹമാണ് ദിവ്യകാരുണ്യം. യൂദാസ് ഒറ്റിക്കൊടുക്കുമെന്നും, പത്രോസ് തള്ളി പറയുമെന്നും പിറ്റേന്ന്..., താൻ ദാരുണമായ പീഡകൾ ഏറ്റു കുരിശുമരണം വരിക്കും എന്നും, മൂന്നാം ദിനം ഉയിർത്തെഴുന്നേല്ക്കും എന്നും.. പത്രോസ് തന്റെ സഭയുടെ നായകൻ ആകുകയും തനിക്കു വേണ്ടി തലകീഴായി കുരിശിൽ തൂങ്ങി മരിക്കുമെന്നും ഒക്കെയുള്ള അനേകം തിരിച്ചറിവുകളുടെ മദ്ധ്യേ ദൈവപിതാവിന് നന്ദിയും കൃതജ്ഞതാസ്തോത്രവും അർപ്പിച്ചു കൊണ്ട് അന്ന് ആ മാളികമുറിയിൽവച്ച് യേശു വിശുദ്ധ കുർബാന സ്ഥാപിച്ചു.

അന്ന് ശിഷ്യർക്ക് വാഴ്ത്തിവിഭജിച്ച് നൽകിയ തന്റെ ശരീര രക്തങ്ങൾ ഭൂമിയിലെ അവസാനത്തെ മനുഷ്യനും സ്വീകരിച്ചു ഭക്ഷിക്കും വരെ ലോകമെമ്പാടുമുള്ള അൾത്താരകളിൽ അനുദിനം മുറിയപ്പെടുന്ന ദിവ്യകാരുണ്യം. അൾത്താരയിൽ നിന്നും ഓരോ വട്ടവും ഇറങ്ങി വരുമ്പോൾ അവൻ ലോകത്തോട് പറയുന്നത് ഇനിയും അവൻ ക്ഷമിച്ചു മടുത്തിട്ടില്ലെന്നും...., സ്നേഹിച്ചു തളർന്നിട്ടില്ലെന്നും തന്നെയാണ്. 'എല്ലാം പൂർത്തിയായിരിക്കുന്നു.' അവൻ തല ചായ്ച്ച് ആത്മാവിനെസമർപ്പിച്ചു. ( യോഹന്നാൻ :19:30)

മനുഷ്യജീവിതത്തിന്റെ നല്ല പ്രായം എന്നൊക്കെ ലോകം വിശേഷിപ്പിക്കുന്ന യുവത്വത്തിൽ ... തന്റെ മുപ്പത്തിമൂന്നാം വയസ്സിൽ, അതിദാരുണമായ പീഡാസഹനങ്ങൾ ക്കൊടുവിൽ ആകാശത്തിനും ഭൂമിക്കും മധ്യേ, ലോക ദൃഷ്ടിയിൽ ഏറ്റം അപമാനകരമായ കുരിശുമരണത്തിനു തൊട്ടുമുമ്പ് ..... കുരിശിൽ മൂന്നാണികളിൽ തൂങ്ങി കിടന്ന് 'എല്ലാം പൂർത്തിയായി. 'എന്നു പറഞ്ഞ് സംതൃപ്തിയോടെ മരണത്തെ പുൽകുന്ന ക്രിസ്തു. ഏതു പ്രായത്തിലും മരണത്തെ പുൽകാൻ മനുഷ്യന് ഭയമാണ്. ജീവിതത്തെക്കുറിച്ച് സംതൃപ്തിയും തോന്നാറില്ല എന്നതും സത്യം. മനുഷ്യായുസ്സിന്റെ അറുപതിലും എഴുപതിലും ഒന്നും, മനുഷ്യന് പറയാൻ കഴിയുന്നില്ല എല്ലാം പൂർത്തിയായി എന്ന്. ഈ ഭൂമിയിൽ ഇത്ര നാൾ ജീവിച്ചിട്ടും..., എല്ലാം നേടിയെടുത്തു...., സ്വന്തമാക്കി... എന്നൊക്കെ കരുതിയിട്ടും...., കാണാവുന്നതൊക്കെയും കണ്ടു.., നേടാവുന്നതൊക്കെയും നേടി....,എന്നൊക്കെ വിചാരിക്കുമ്പോഴും നമുക്ക് ജീവിതത്തിന് ഒരു സംതൃപ്തിയില്ല. ക്രിസ്തുവിന്റെ 'സംതൃപ്തി ' ക്രിസ്ത്യാനിക്ക് ഇപ്പോഴും അന്യം നിൽക്കുന്നു. ക്രിസ്തു ജീവിച്ചതൊക്കെയും ദൈവഹിതത്തിനു

കീഴ്വഴങ്ങിയാണ്. ക്രിസ്ത്യാനി ജീവിക്കാൻ ശ്രമിക്കുന്നതൊക്കെയും സ്വന്ത ഇഷ്ടങ്ങളാണ്. അതിന് അവസാനമില്ല. അതു കൊണ്ട് തന്നെ ഒരിക്കലും സംതൃപ്തി കണ്ടെത്താൻ കഴിയുന്നില്ല. ഒരിക്കൽ ഈ ഭൂമിയോടും ഇവിടെയുള്ളവരോടും ഒക്കെ യാത്ര പറഞ്ഞ് ജീവിതത്തിൽ നിന്ന് ദൈവസന്നിധിയിലേക്ക് എടുക്കപ്പെടുമ്പോൾ...

ക്രിസ്തുവിനെപ്പോലെ എല്ലാം പൂർത്തിയായി എന്ന മനോഭാവത്തോടെ സംതൃപ്തിയിൽ മരണത്തെ പുൽകുവാനുള്ള കൃപ ക്രൂശിതനിൽനിന്നും നമുക്ക് സ്വന്തമാക്കാം.

അരിമത്തേയാക്കാരൻ 'ജോസഫ് യേശുവിന്റെ ശരീരമെടുത്ത് ശുചിയായ ഒരു തുണിയിൽ പൊതിഞ്ഞ്, പാറയിൽവെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ സംസ്കരിച്ചു.'(മത്തായി 27:60) അരിമ ത്തേയാക്കാരൻ ജോസഫിനെ കുറിച്ച് മറ്റൊന്നും സുവിശേഷം രേഖപ്പെടുത്തിയിട്ടില്ല. ജോസഫ് യേശുവിന്റെ ശരീരത്തിന് കൊടുത്ത ആദരവ് മാനിച്ച സ്വർഗ്ഗം വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിൽ അവന്റെ പേര് എഴുതിചേർത്ത് 2000 വർഷങ്ങൾക്കിപ്പുറവും അവനെ അനശ്വരനാക്കി മാറ്റി. പരിശുദ്ധ കുർബാനയോട് നമ്മൾ കാണിക്കുന്ന ആദരവ് നമ്മളെ അനശ്വരരാക്കി മാറ്റും. യേശുവിന്റെ ശരീരത്തോട്, യേശുവിന്റെ സഭയോട്, അവിടുത്തെ ശരീരത്തിലെ അവയവങ്ങളായ ഈ എളിയവരിൽ ഒരുവനോട് കാണിക്കുന്ന ആദരവ് നാളെ നമ്മെ അനശ്വരരാക്കി മാറ്റും.

ഈശോയെ അടക്കിയ കല്ലറ മനോഹരമായ ഒരു തോട്ടത്തിനുള്ളിലായിരുന്നു. 'അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടമുണ്ടായിരുന്നു. ആ തോട്ടത്തിൽ അതു വരെ ആരെയും സംസ കരിക്കാത്ത പുതിയ ഒരു കല്ലറയുമുണ്ടായിരുന്നു.' (യോഹന്നാൻ 19 : 41) ഇതൊരു ധ്യാനവിഷയമാണ്. മനോഹരമായ ഒരു തോട്ടമാണ് ജീവിതം. അത് എത്ര സുഖദുഃഖങ്ങൾ തന്നാലും ആ തോട്ടത്തിനകത്ത് ഒരു 'കല്ലറ' നിനക്കായ് ഒരുക്കിയിട്ടുണ്ട് എന്നത് മറക്കരുത്. 'ഞാൻ' എന്ന ഭാവം ഉള്ളിലുണരുമ്പോഴൊക്കെ ഈ 'കല്ലറ'യെക്കുറിച്ച് ധ്യാനിക്കുന്നത് ഉചിതമാണ്. അവസാനം ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കുമ്പോൾ ... വിജയിച്ചു എന്നു പറയാൻ, ചില മനുഷ്യരുടെ മുമ്പിൽ ....ചിലരുടെ സ്നേഹത്തിനു മുമ്പിൽ...,മറ്റുള്ളവരുടെ ക്രൂരതയ്ക്കും നിന്ദനത്തിനും മുമ്പിൽ ..., തോറ്റു കൊടുക്കാൻ.... കല്ലറ ധ്യാനം 'നിന്നെ സഹായിക്കും. 'കല്ലറ ധ്യാനം' നിന്നെ വിശുദ്ധനാക്കും. 'അവർപോയി കല്ലിനു മുദ്രവച്ച്, കാവൽക്കാരെ നിർത്തി കല്ലറ ഭദ്രമാക്കി.' (മത്തായി 27 : 66) കുരിശിൽ തറച്ചു കൊലപ്പെടുത്തി കല്ലറയ്ക്കുള്ളിൽ കബറടക്കി കവാടത്തിൽ കല്ലുരുട്ടി വെച്ചപ്പോൾ അവരറിഞ്ഞില്ല ...... മൂന്നാംദിനം കല്ലറ ഭേദിച്ച് അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് ..., രണ്ടായിരത്തിലധികം വർഷങ്ങൾക്കിപ്പുറവും അവനു വേണ്ടി ഒരു ജനത ഉണർന്നെഴുന്നേൽക്കും എന്ന്.

ഓശാനആരവങ്ങൾക്കിടയിൽ നിന്ന് ഒരു കല്ലേറുദൂരം മാറി നിൽക്കുകയും, എല്ലാം അവസാനിച്ചു എന്നു കരുതിയ കല്ലറക്കു മുമ്പിൽആദ്യം എത്തുകയും ചെയ്ത മറിയം മഗ്ദലേന. ആഴ്ച്ചയുടെ ആദ്യ ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾ തന്നെയാണ് അവൾ പോയത്. ആകാശത്തിനും ഭൂമിക്കും മധ്യേ .......ആർക്കും സങ്കല്പിക്കാനാവാത്ത വിധം അധികാരികളുടെ പീഡനങ്ങൾ ഏറ്റുവാങ്ങി മരിച്ച തന്റെ പ്രിയരക്ഷകന്റെ ശവകുടീരത്തിലേക്ക് പോകുവാൻ അവൾ കാണിച്ച ധൈര്യം... രക്ഷകന്റെ ദിവ്യസ്നേഹം തൊട്ടറിഞ്ഞ നിമിഷം മുതൽ പഴയ ജീവിതം പാടേ ഉപേക്ഷിച്ച്, പാപിനിയായിരുന്ന മറിയം മഗ്ദലേനജീവന്റെ നല്ല ഭാഗം തിരഞ്ഞെടുത്തു. ശിഷ്യരെല്ലാം യേശുവിനെകൈവിട്ടപ്പോഴും, കുരിശിൻ ചുവട്ടിൽ നിന്നു കൊണ്ട് തന്റെ വിശ്വസ്തത അവൾ പ്രകടിപ്പിച്ചു. അവളുടെ വിശ്വാസത്തെയും വിശ്വസ്തതയെയും കടാക്ഷിച്ച അനശ്വരനായ സൃഷ്ടാവ് അവളെ പരിശുദ്ധ സ്നേഹത്തിന്റെ ആദ്യ ഫലമാക്കി. ഉയിർത്തെഴുന്നേല്പിന്റെ സൂചനയായി , യേശുവിന്റെ ശവകുടീരത്തിന്റെ കല്ല് ഉരുട്ടി മാറ്റപ്പെട്ടത് ആദ്യം കാണാൻ സാധിച്ചതും മഹത്വത്തിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ ദർശനം ആദ്യം ലഭിച്ചവളും അവനോട് ആദ്യം സംസാരിച്ചതും ഈ മറിയം മഗ്ദലേനആയിരുന്നു കണ്ട കാര്യങ്ങൾ എല്ലാം തന്റെ ശിഷ്യരെ അറിയിക്കാൻ കർത്താവ് നിയോഗിച്ചതനുസരിച്ച് ഉത്ഥാനത്തിന്റെ ആദ്യ ദൂതുമായി പോകാനുള്ള ഭാഗ്യം ലഭിച്ചതും മറിയം മഗ്ദലേനക്കു തന്നെ. ക്രിസ്തുസ്നേഹത്താൽ ദഹിക്കുന്ന മറിയം മഗ്ദലേനക്ക് ജീവന്റെ സന്ദേശം ഉത്ഥാനദർശനത്തിലൂടെ.! ഒപ്പം തന്റെ വിശുദ്ധസഭയിൽ 'അപ്പസ്തോലന്മാരുടെ അപ്പസ്തോല' എന്ന പദവിയും, ഒടുവിൽ മാലാഖമാരാൽ ചിറകിലേറ്റി സ്വർഗ ഭാഗ്യവും..... ഉയിർപ്പിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക എന്നാൽ; മഗ്ദലേനമറിയത്തിന്റെ സ്നേഹത്തിലേക്ക് വളരുക എന്നാണ് അർത്ഥമാക്കേണ്ടത്. 'ഉയർത്തെഴുന്നേൽപ്പിന്റെ പ്രത്യാശ മാനവരാശിക്കു സമ്മാനിച്ച ക്രിസ്തുവിന് ഒരായിരം സ്തോത്രഗീതം'

## ഓർമ്മയിലേക്ക്

| | |
|---|---|
| **എരിഞ്ഞേരി വർക്കി ഭാര്യ ഓമന** | |
| സെന്റ് ജോർജ്ജ് യൂണിറ്റ് | 28.02.2023 |
| **നീലങ്കാവിൽ ലോനപ്പൻ വാറുണ്ണി** | |
| സെന്റ് ജോൺപോൾ II യൂണിറ്റ് | 03.03.2023 |
| **കുന്നപ്പിള്ളി ജോസ് ജോയി** | |
| സെന്റ് മറിയം ത്രേസ്യ യൂണിറ്റ് | 13.03.2023 |
| **നിലങ്കാവിൽ ജോസഫ് ടെറീഷ്** | |
| സേക്രഡ് ഹാർട്ട് യൂണിറ്റ് | 14.03.2023 |


സ്കൂൾ വിദ്യാർത്ഥികൾക്കായി
അവധിക്കാല കോഴ്സുകൾ
G-TEC
IT MAGIC
SUMMER VACATION COURSES
(UP TO +2 STUDENTS)
ഈ അവധിക്കാലം
വിനോദത്തോടൊപ്പം വിജ്ഞാനവും ചേർത്ത്
രസകരമാക്കാം...
സ്കൂൾ IT സിലബസ്സുമായി യോജിപ്പിച്ച്
തയ്യാറാക്കിയ 42ഓളം കോഴ്സുകൾ
PYTHON
SMART YOUTUBER
ABACUS
ANIMATOR
GRAPHIC DESIGNING
ANDROID APP DEVELOPER
WEB DESIGNER
ACCOUNTING
PROGRAMMING
HARDWARE
SMART DESIGNER
Wonder la
KOCHI
കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന
വിദ്യാർത്ഥികൾക്ക്
വണ്ടർല യിൽ
നടക്കുന്ന
G-TEC മഹോത്സവത്തിൽ
പങ്കെടുക്കുവാൻ സുവർണ്ണാവസരം.
9188698795
G
TEC
COMPUTER
EDUCATION
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു
G-TEC COMPUTER EDUCATION
ISO 9001:2015 CERTIFIED
MUNDUR
PH: 8547046973, 9188698795
ASSOCIATE CENTRE
VIJAYAMATHA COLLEGE
Run By. St. Marys Church Peramangalam - Thrissur-680545
+918590100291

ഡോ. ബിനു ജോസ്
യൂറോളജിസ്റ്റ്
നിത്യസഹായമാത യൂണിറ്റ്



# മൂത്രപ്പഴുപ്പ്

വേനൽക്കാലം ആരംഭിക്കുകയാണല്ലോ. ഈ കാലാവസ്ഥയിൽ സാധാരണയായി കണ്ടുവരുന്ന ഒരു അസുഖമാണ് മൂത്രപ്പഴുപ്പ്. മൂത്രം ഉത്പാദിപ്പിക്കുന്ന അവയങ്ങളായ വൃക്കകളിലോ, മൂത്രസഞ്ചിയിലോ, മൂത്രനാളിയിലോ ഉള്ള അണുബാധയെ പൊതുവായി മൂത്രപ്പഴുപ്പ് എന്ന് പറയുന്നു. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളിലാണ് മൂത്രപ്പഴുപ്പ് കൂടുതലായും കണ്ടുവരുന്നത്. ജീവിതത്തിൽ ഒരിക്കലെങ്കിലും മൂത്രപ്പഴുപ്പ് ബാധിക്കാനുള്ള സാധ്യത സ്ത്രീകളിൽ അൻപത് ശതമാനത്തിലേറെയാണ്.

**മൂത്രപ്പഴുപ്പ് എങ്ങനെ വരുന്നു എന്ന് നോക്കാം**

ബാക്ടീരിയ വിഭാഗത്തിൽപ്പെടുന്ന അണുക്കളാണ് മൂത്രപ്പഴുപ്പുണ്ടാക്കുന്നത്. ഇ - കോളൈ (E-Coli) എന്ന ബാക്ടീരിയയാണ് എൺപത് ശതമാനത്തിലധികം മൂത്രപ്പഴുപ്പിന് കാരണം. സാധാരണയായി കുടലിൽ കാണപ്പെടുന്ന ഇവ മൂത്രനാളിയിലേക്കും, ചിലപ്പോൾ വൃക്കകളിലേക്കും ബാധിക്കാം.

**മൂത്രപ്പഴുപ്പിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം**

മൂത്രമൊഴിക്കുമ്പോൾ അമിതമായ വേദനയും ചൂടും അനുഭവപ്പെടുന്നത് മൂത്രപ്പഴുപ്പിന്റെ പ്രധാന ലക്ഷണങ്ങളാണ്. വീണ്ടും വീണ്ടും മൂത്രമൊഴിക്കാൻ തോന്നുക, മൂത്രം പിടിച്ചുനിർത്താൻ കഴിയാതെവരിക, മൂത്രം അറിയാതെ പോകുക, അടിവയറിൽ കലശമായ വേദന അനുഭവപ്പെടുക, മൂത്രമൊഴിച്ചു കഴിഞ്ഞാലും മുഴുവനായി പോകാത്തതായി തോന്നുക എന്നിവയും മൂത്രപ്പഴുപ്പിന്റെ ലക്ഷണങ്ങളാണ്. മൂത്രപ്പഴുപ്പ് വൃക്കകളെ ബാധിച്ചാൽ വിറയലോട് കൂടിയ പനിയും, വയറിന്റെ വശങ്ങളിൽ ശക്തമായ വേദനയും ഉണ്ടാകാം. മേൽപറഞ്ഞ ലക്ഷണങ്ങൾ മൂത്രപ്പഴുപ്പ് മൂലമാണ് സാധാരണയായി കാണപ്പെടുന്നതെങ്കിലും ഇവയിലെ പല

ലക്ഷണങ്ങളും മറ്റു ചില അസുഖങ്ങളിലും കാണപ്പെടുന്നവയാണ്. ഉദാഹരണത്തിന് മൂത്രസഞ്ചിയിലെ കല്ലിന്റെ അസുഖം, പുരുഷന്മാരിൽ പ്രായമാകുമ്പോൾ വരുന്ന പ്രോസ്റ്റേറ്റ് ഗ്രന്ഥി വീക്കം, മൂത്രാശയ അവയവങ്ങളുടെ ക്ഷയ രോഗം തുടങ്ങിയ അസുഖങ്ങളിലും മേൽപ്പറഞ്ഞ പല ലക്ഷണങ്ങളും കാണപ്പെടുന്നവയാണ്. ആയതിനാൽ ഇത്തരം ലക്ഷണങ്ങളുള്ള ആളുകൾ പരിശോധനകൾ ചെയ്ത് മൂത്രപ്പഴുപ്പുണ്ടോയെന്ന് വ്യക്തത വരുത്തേണ്ടതുണ്ട്.

**മൂത്രപ്പഴുപ്പ് എങ്ങനെ ഉറപ്പിക്കാം**

മൂത്രത്തിന്റെ ഒരു സാമ്പിൾ എടുത്ത് ലാബിൽ പരിശോധിച്ചാൽ മൂത്രപ്പഴുപ്പ് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. എന്നാൽ മൂത്രം പരിശോധനയ്ക്ക് എടുക്കുന്നതിന് മുൻപ് ചിലകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ആദ്യം മൂത്രമൊഴിക്കുന്നഭാഗം വെള്ളം ഉപയോഗിച്ച് വൃത്തിയായി കഴുകണം. മൂത്രം ഒഴിച്ച്തുടങ്ങി ഇടയ്ക്ക് വെച്ചുള്ള മൂത്രംവേണം പരിശോധനയ്ക്ക് കൊടുക്കുവാൻ. മൂത്രപ്പഴുപ്പ് നൂറ്ശതമാനവും ഉറപ്പിക്കാൻ ഏറ്റവും ഉചിതം അണുക്കളെ വളർത്തിനോക്കുന്ന മൂത്രത്തിന്റെ കൾച്ചർ ടെസ്റ്റാണ്. ഏതുതരം അണുക്കളാണ് മൂത്രപ്പഴുപ്പ് ഉണ്ടാക്കുന്നത് എന്ന് മനസ്സിലാക്കുന്നതിനോടൊപ്പം ഏത് മരുന്നുകളാണ് ഫലവത്താവുക എന്നത്കൂടി കൾച്ചർ ടെസ്റ്റിൽ മനസ്സിലാക്കാവുന്നതാണ്. തുടർന്നുള്ള പരിശോധനകൾ തുടർച്ചയായി മൂത്രപ്പഴുപ്പ് ഉണ്ടാക്കുന്നവരിൽ അതിനുള്ള കാരണങ്ങൾ അറിയാൻ കഴിയുന്നതാണ്. അതിൽ ഏറ്റവും പ്രധാന പരിശോധന വയറിന്റെ അൾട്രാസൗണ്ട് പരിശോധനയാണ്. മൂത്രക്കല്ല്, മൂത്രതടസ്സംമൂലം മൂത്രമൊഴിച്ചാലും പൂർണ്ണമായി പോകാതെ കെട്ടികിടക്കുക പുരുഷന്മാരിലെ പ്രൊഡ്റ്റേറ്റ് ഗ്രന്ഥിവീക്കം തുടങ്ങിയവ അൾട്രാസൗണ്ട് സ്കാനിങ്ങിൽ വ്യക്തമാകും.

**മൂത്രപ്പഴുപ്പ് പ്രമേഹ രോഗികളിൽ**

ലിംഗഭേദമില്ലാതെ തുടർച്ചയായി മൂത്രപ്പഴുണ്ടാകാൻ സാധ്യതയുള്ള അസുഖമാണ് പ്രമേഹരോഗം. പല ആളുകളിലും പ്രമേഹരോഗം കണ്ടുപിടിക്കുന്നതു പോലും തുടർച്ചയായ മൂത്രപ്പഴുപ്പിന്റെ കാരണം തേടിയുള്ള പരിശോധനകൾ ചെയ്യുമ്പോഴാണ്. പ്രമേഹരോഗം രോഗപ്രതിരോധ ശേഷി കുറയുന്നതിനോടൊപ്പം മൂത്രത്തിലെ പഞ്ചസാര അണുക്കൾക്ക് വളരാനുള്ള സാഹചര്യം ഒരുക്കുന്നു. മൂത്രപ്പഴുപ്പ് വൃക്കകളെ ബാധിച്ച് രക്തത്തിലെ അണുബാധയുണ്ടാകാനുള്ള സാധ്യത ഇത്തരം

41-ാം ചരമദിനം

12.04.2023




# എൻ.എൽ. വാറുണ്ണി

(നീലംങ്കാവിൽ ലോനപ്പൻ മകൻ വാറുണ്ണി)

ജനനം: 11.11.1934

മരണം: 03.03.2023



# വചനാഭിഷേക
# കൺവെൻഷൻ 2023





TiSi GOLD
GOLD | DIAMOND | SILVER
PERAMANGALAM
BIS 916
100 %
HALL MARKED

| | |
|---|---|
| ചെയിൻ | 1.5 ഗ്രാം മുതൽ |
| വള കുട്ടികളുടെ | 0.5 ഗ്രാം മുതൽ |
| നെക്ക്ളേസ് | 4 ഗ്രാം മുതൽ |
| കമ്മൽ | 0.2 ഗ്രാം മുതൽ |
| മോതിരം കുട്ടികളുടെ | 0.15 ഗ്രാം മുതൽ |
| ലോക്കറ്റ് | 0.5 ഗ്രാം മുതൽ |
| മുതിർന്നവരുടെ മോതിരം | 0.5ഗ്രാം മുതൽ |

കുറഞ്ഞ തൂക്കത്തിലുള്ള സ്വർണ്ണം, വെള്ളി ആഭരണങ്ങൾ

5 പവൻ മുതലുള്ള കല്യാണ സെറ്റ്.
പഴയസ്വർണ്ണത്തിന് ഉയർന്ന വിലയും ഉടൻ പണവും.
പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്തു വിൽക്കുവാനുള്ള സൗകര്യം,

ഉടൻ വിളിക്കൂ TISIGOLD 9048 12 55 00


# Congratulations



2021 അതിരൂപതതല പാരീഷ് ബുള്ളറ്റിൻ മത്സരത്തിൽ കാർട്ടൂൺ വിഭാഗത്തിൽ 2–ാം സ്ഥാനം നേടിയ ശ്രീ. ജോഷി ജോസിന് അഭിനന്ദനങ്ങൾ.



# 40–ാം ചരമദിനം

22.04.2023



## നീലംകാവിൽ ജോസഫ്
## മകൻ ടെറീഷ്

ജനനം : 21.05.1980

മരണം : 14.03.2023

രോഗികളിൽ കൂടുതലാണ്. പ്രമേഹരോഗികൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് കൃത്യമായി നിയന്ത്രിച്ചാൽ മൂത്രപ്പഴുപ്പുണ്ടാകാനുള്ള സാഹചര്യം ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്.


**മൂത്രപ്പഴുപ്പ് ചികിത്സിക്കുന്നതെങ്ങനെ എന്ന് നോക്കാം**

ആന്റിബയോട്ടിക്ക് വിഭാഗത്തിൽപ്പെട്ട മരുന്നുകളാണ് മൂത്രപ്പഴുപ്പിന് ഉപയോഗിക്കുക. സാധാരണ മൂത്രപ്പഴുപ്പിന് അഞ്ച് മുതൽ ഏഴു ദിവസം വരെ മരുന്ന് കഴിക്കേണ്ടതായിവരാം. വിറയൽ പനിയോടുകൂടിയ മൂത്രപ്പഴുപ്പ്, വിട്ടുമാറാത്ത ചർദ്ദിൽ, അസഹനീയമായ വയറുവേദന തുടങ്ങിയ ലക്ഷണമുള്ളവരിൽ ആന്റിബയോട്ടിക്കുകൾ ഇൻഞ്ചക്ഷനായി എടുക്കേണ്ടതായിവരാം. ആന്റിബയോട്ടിക് മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം കഴിക്കേണ്ടതാണ്. ചികിത്സയ്ക്ക് ശേഷം മൂത്രം പരിശോധിച്ച് മൂത്രപ്പഴുപ്പ് മാറി എന്ന് ഉറപ്പ് വരുത്തുന്നതും നല്ലതാണ്. എല്ലാ രോഗികൾക്കും ഒരേ ആന്റിബയോട്ടിക് മരുന്നുകൾ ഫലിക്കണമെന്നില്ല. അതിനാൽ തന്നെ മരുന്നു തുടങ്ങി രണ്ടോ മൂന്നോ ദിവസം കഴിഞ്ഞിട്ടും ബുദ്ധിമുട്ട്കുറയാത്തവർ ഡോക്ടറെ കണ്ട് കൂടുതൽ പരിശോധനകൾ നടത്തേണ്ടതായി വന്നേക്കാം. ഡോക്ടർ നിർദ്ദേശിക്കുന്ന പ്രകാരം കൃത്യമായ അളവിലും, കൃത്യമായ ദിവസങ്ങളിലും മരുന്ന് കഴിക്കേണ്ടതാണ്. അസുഖംമാറി എന്ന് കരുതി നേരത്തെ ആന്റിബയോട്ടിക്കുകൾ നിർത്തിയാൽ അത് പിന്നീട് കൂടുതൽ ശക്തിയോടെ മൂത്രപ്പഴുപ്പുണ്ടാകാൻ കാരണമാകാം.

**മൂത്രപ്പഴുപ്പ് എങ്ങനെ നിയന്ത്രിക്കാം**

ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ മൂത്രപ്പഴുപ്പ് ഉണ്ടാകുന്നത് നമുക്ക് തടയാനാകും

1. ദിവസവും രണ്ടു മുതൽ മൂന്നു ലിറ്റർ വരെ വെള്ളം കുടിക്കണം.
2. അധികനേരം മൂത്രം ഒഴിക്കാതെ പിടിച്ച് വയ്ക്കരുത്.
3. മൂത്രമൊഴിക്കുന്ന ഭാഗം മൂത്രമൊഴിച്ചു കഴിഞ്ഞാൽ കഴുകി വൃത്തിയാക്കണം.
4. ലൈംഗികബന്ധത്തിനു മുൻപും ശേഷവും സ്വകാര്യഭാഗങ്ങൾ വൃത്തിയായി കഴുകണം.
5. മൂത്രപ്പഴുപ്പിന് സ്വയം ചികിത്സ ചെയ്യരുത്.
6. പ്രമേഹരോഗം, വൃക്കയിലെ കല്ലിന്റെ അസുഖം, മൂത്രതടസ്സം എന്നി അസുഖമുള്ളവർ കൃത്യമായി ചികിത്സ നടത്തേണ്ടതാണ്.
7. പഴവർഗ്ഗങ്ങൾ ധാരാളം കഴിക്കുന്നത് മൂത്രപ്പഴുപ്പിനെ നല്ലൊരു പരിധിവരെ തടയും.



ആരോഗ്യരശ്മി

**എ.സി. ജോസ്**
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
സാമൂഹ്യ ആരോഗ്യ കേന്ദ്രം,
തോളൂർ

# വെരിക്കോസ് വെയിൻ

**എന്താണ് വെരിക്കോസ് വെയിൻ?**

ഏറെ നേരം നിന്ന് ജോലി ചെയ്യുന്നവരിൽ കൂടുതലായി കണ്ടുവരുന്ന രോഗമാണ് വെരിക്കോസ് വെയിൻ. ചർമ്മത്തിന് തൊട്ടു താഴെയുള്ള അശുദ്ധ രക്തം ഹൃദയത്തിലേക്ക് കൊണ്ടുപോകുന്ന വെയിൻസ് എന്ന രക്തക്കുഴലുകൾ തടിച്ചു വീർത്തും ചുറ്റി പിണഞ്ഞും അശുദ്ധ രക്തത്തെ മുകളിലേക്ക് വിടാതെ വരുമ്പോൾ രക്തപ്രവാഹത്തിന്റെ വേഗത കുറയുകയും, കെട്ടിനിൽക്കുകയും ചെയ്യുന്ന അവസ്ഥയാണിത്. ഇങ്ങനെ കെട്ടിനിൽക്കുന്ന അശുദ്ധ രക്തം സമീപ കോശങ്ങൾക്ക് നാശവും വീർത്ത്കെട്ടി വൃണങ്ങളും അണുബാധയും ഉണ്ടാകാൻ സാധ്യതയുണ്ട്.

പ്രസവക്കാലത്ത് ചില സ്ത്രീകളിൽ വെരിക്കോസ് വെയിൻ കാണപ്പെടാറുണ്ട്. ഗർഭക്കാലത്ത് ശരീരത്തിൽ രക്തത്തിന്റെ അളവ് കൂടാറുണ്ടെങ്കിലും അതനുസരിച്ച് കാലുകളിൽ നിന്ന് ഇടുപ്പിലേക്കുള്ള രക്തയോട്ടം കൂടാത്തതാണ് ഇതിന് കാരണം. അതോടൊപ്പം ഗർഭാവസ്ഥയിലെ ഹോർമോൺ മാറ്റങ്ങളും ഇതിലേക്ക് നയിക്കാം. പ്രസവം കഴിഞ്ഞ് ഒരു വർഷം ആകുന്നതോടെ മിക്കവരിലും ഇത് മാറുന്നതായി കാണാം.

പാരമ്പര്യമായും വെരിക്കോസ് വെയിൻ കാണപ്പെടാറുണ്ട്. കുടുംബത്തിൽ ആർക്കെങ്കിലും ഉണ്ടെങ്കിൽ മറ്റുള്ളവർക്കും വരാൻ സാധ്യതയേറെയാണ്. അമിതവണ്ണം വ്യായാമക്കുറവ് തുടർച്ചയായി ഏറെ നേരം നിൽക്കുക എന്നിവയും വെരിക്കോസ് വെയിൻ വരാൻ കാരണമാകാം.

**ലക്ഷണം**

* രക്തക്കുഴലുകൾ തടിച്ച് ചുരുളുന്നു
* കാലുകളിൽ ചിലന്തിവല പോലെ വെയിൻസ് കാണപ്പെടുന്നു.
* രക്തക്കുഴലുകൾ നീല പർപ്പിൾ നിറങ്ങളിൽ ആകുന്നു.
* രോഗബാധയുള്ള സ്ഥലത്ത് മുറിവിൽ നിന്നും രക്തസ്രാവം ഉണ്ടാകാം.
* കണങ്കാലിന്റെ ഭാഗം നീര് വന്ന് വീർക്കുന്നു

* കാലുകളിൽ വേദനയും ഭാരം കൂടുതലും അനുഭവപ്പെടുന്നു.
* വെരിക്കോസ് വെയിൻ ഉള്ള ഭാഗത്ത് കരിവാളിപ്പും, പുകച്ചിലും
* വ്യണങ്ങൾ

**തടയാൻ ചെയ്യേണ്ടത്**

ജീവിതശൈലിയിലെ ആരോഗ്യകരമായ മാറ്റങ്ങൾ വെരിക്കോസ് വെയിൻ ഒരു പരിധിവരെ പ്രതിരോധിക്കും. ഇത് പൂർണ്ണമായി തടയാൻ കഴിയുകയില്ല. നടത്തം, ഓട്ടം, തുടങ്ങിയ വ്യായാമങ്ങൾ ജീവിതശൈലിയുടെ ഭാഗമാക്കണം. ഇതുവഴി രക്തപ്രവാഹം സുഗമമാവുകയും സിരകളുടെ ആയാസം കുറയുകയും ചെയ്യും.

ശരീരഭാരം ആരോഗ്യകരമായി നിലനിർത്തണം നാരുകൾ കൂടുതലായ ധാന്യങ്ങൾ, ഇലക്കറികൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ഉപ്പിന്റെ അളവ് കുറയ്ക്കണം പരന്ന പ്രതലമുള്ള പാദരക്ഷകൾ ഉപയോഗിക്കുക. ജോലി ചെയ്യുമ്പോൾ ഒരേ പൊസിഷനിൽ ഇരിക്കാതിരിക്കുക രക്തയോട്ടം വർദ്ധിപ്പിക്കുന്ന ലഘു വ്യായാമങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കുക. ●

# ബൈബിൾ ക്വിസ്

**(മർക്കോസിന്റെ സുവിശേഷം അദ്ധ്യായം 4 മുതൽ അദ്ധ്യായം 6 വരെ)**

1. എവിടെ ഇരുന്നുകൊണ്ടാണ് യേശു വിതക്കാരന്റെ ഉപമ വിശദീകരിച്ചത്
2. ദൈവ രാജ്യത്തിന്റെ രഹസ്യങ്ങൾ ആർക്കാണ് നൽകപ്പെട്ടിരിക്കുന്നത്?
3. നാലാം അദ്ധ്യായത്തിൽ ദൈവരാജ്യത്തെക്കുറിച്ച് അറിയാൻ എത്ര ഉപമകളാണ് യേശു വിശദീകരിച്ചത് ?
4. ശവകുടീരങ്ങൾക്കിടയിൽ നിന്ന് ഇറങ്ങി വന്ന പിശാച് ബാധിതനെ യേശു സുഖപ്പെടുത്തിയത് ഏതുനാട്ടിൽ വച്ചാണ് ?
5. ലഗിയോൻ ബാധിച്ചിരുന്ന പിശാച് ബാധിതൻ സുഖപ്പെട്ടതിനുശേഷം എവിടെയാണ് യേശുവിനെ പ്രഘോഷിച്ചത് ?
6. മകളുടെ സൗഖ്യത്തിനായി യേശുവിനോട് യാചിച്ച സിനഗോഗ് അധികാരിയുടെ പേര് ?
7. ഏത് ആഘോഷവേളയിലാണ് സ്നാപകയോഹന്നാന്റെ ശിരച്ഛേദം സംഭവിച്ചത് ?
8. സ്നാപകയോഹന്നാനെ വധിക്കാൻ ഹേറോദേസ് ഭയപ്പെട്ടിരുന്നത് എന്തുകൊണ്ട് ?
9. പ്രാർത്ഥിക്കാൻ മലയിലേക്ക് പോകുന്നതിനു മുമ്പ്, എവിടേക്ക് പോകാനാണ് ശിഷ്യന്മാരെ യേശു നിർബന്ധിച്ചത് ?
10. വെള്ളത്തിന് മീതെ നടന്ന അത്ഭുതത്തിന് ശേഷം, കടൽ കടന്ന് യേശുവും ശിഷ്യന്മാരും എവിടെയാണ് എത്തിയത് ?

# ഉപകാരസ്മരണ

## വി. യുദാശ്ലീഹയുടെ നൊവേന


മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി.യുദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ

ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ

**ജോഫിൻ**



# വർണ്ണ രശ്മി



പേര്............................................................................ ക്ലാസ്.............................

വീട്ടുപേര്.......................................................... ഫോൺ..................................

**ഈ ചിത്രത്തിന് നിറം കൊടുത്ത് ബുള്ളറ്റിൻ ബോക്സിൽ**
**2023 ഏപ്രിൽ 15 ന് മുമ്പ് നിക്ഷേപിക്കുക**
(മത്സരം എൽ.പി., യു.പി. വിഭാഗത്തിന് മാത്രം)

**കഴിഞ്ഞ ലക്കം വിജയികൾ**

**LP - Anviya P.S.** **UP - Savoyin Joshy**



ആയുർരശ്മി

ഡേവിസ് കൊളമ്പ്രത്ത്

# കോളിഫ്ളവർ

യൂറോപ്പാണ് കോളിഫ്ളവറിന്റെ ജന്മദേശം. മുഗൾ ഭരണ കാലത്ത് കൊണ്ടുവന്ന് കൃഷി ചെയ്തു വെന്ന് പറയപ്പെടുന്നു. ഹിന്ദിയിൽ ഗോബി എന്നു വിളിക്കുന്നു. ഇന്ത്യയിൽ ഡൽഹി, കുളുവാലി എന്നീ സ്ഥലങ്ങളിൽ കൂടുതലായി കൃഷി ചെയ്യുന്നു. തണുപ്പുള്ള കാലവസ്ഥയാണ് അനുയോജ്യം.

**ശാസ്ത്ര നാമം : ബ്രാസിക്കളെറേഷ്യ**

**കുടുംബം : ബ്രാസിക്കേസി**

ഉയരം കുറഞ്ഞ ചെടിയാണ് കോളിഫ്ളവർ. കാണ്ഡത്തോട് ചേർന്ന് ഇലകളും മധ്യത്തിൽ പൂങ്കുലയും കാണുന്നു. കോളിഫ്ളവ റിൽ വിറ്റാമിൻ A, C, Glucosinolates (antlcamler) S-methyl, പ്രോട്ടീൻ എന്നിവ കാണുന്നു.

**ഔഷധഗുണം**

ദീപനൗഷധമായും, കാർഡിയോടോണിക്കായും, വാതഹര ഔഷ ധമായും ഉപയോഗിക്കുന്നു. പ്രമേഹത്തിന് നല്ലതാണ്. പ്രമേഹരോ ഗമുള്ളവർ കോളിഫ്ളവർ പാകം ചെയ്തു കഴിക്കുന്നത് നല്ലതാണ്. രക്തത്തിലുള്ള Lipids നെ കുറയ്ക്കും. കാത്സ്യം കുറവുള്ള കുട്ടി കൾക്കും ഗർഭണികൾക്കും കോളിഫ്ളവർ ധാരാളം കഴിക്കുന്നത് കാത്സ്യത്തിന്റെ കുറവ് പരിഹരിക്കും.





# 12-ാം ചരമവാർഷികം

(20.04.2023)



പുത്തൂക്കര ഫ്രാൻസീസ് മകൻ

## ഇഗ്നേഷ്യസ്

ജനനം: 13.08.1962 മരണം: 20.4.2011

# 7-ാം ചരമവാർഷികം

(08.04.2023)



പുത്തൂക്കര ഫ്രാൻസീസ് ഭാര്യ

## എൽസി

ജനനം: 12.06.1937 മരണം: 08.04.2016

"കരുണ നിറഞ്ഞ പിതാവേ, ജീവിതകാലത്ത്
അറിഞ്ഞും അറിയാതെയും ചെയ്തു പോയ തെറ്റുകൾ ക്ഷമിച്ച്
അങ്ങേ തിരുമുഖം ദർശിക്കാൻ ഈ ദാസരെ യോഗ്യനാക്കണമെ"

## 37-ാം ചരമവാർഷികം
24.06.2023



എലുവത്തിങ്കൽ വാറുണ്ണി ഭാര്യ

# റോസ്സ

മരണം: 24.06.1986



# കുടുംബപ്രാർത്ഥന

## 2-ാം ചരമവാർഷികം
23.04.2023



എലുവത്തിങ്കൽ വാറുണ്ണി മകൾ

# മാർത്ത

ജനനം: 15.02.1938
മരണം: 10.04.2021

## 40-ാം ചരമവാർഷികം
11.04.2023



എലുവത്തിങ്കൽ വാറുണ്ണി മകൻ

# ദേവസ്സി

ജനനം: 10.02.1935
മരണം: 11.04.1983

### വിശുദ്ധ വീഥികളിലൂടെ...


# വിശുദ്ധ മാർക്കോസ്

എഴുപത് ശിഷ്യന്മാരിൽ ഒരാളായ വിശുദ്ധ മർക്കോസ് ജനനം കൊണ്ട് ഒരു യഹൂദനായിരുന്നു. രക്ഷകനായ യേശു മരിക്കുമ്പോൾ മർക്കോസ് ഒരു യുവാവായിരുന്നു. തിരുസഭയുടെ ആദ്യകാല വളർച്ചക്ക് സാക്ഷ്യം വഹിച്ച വിശുദ്ധൻ ആ അറിവ് പിൽക്കാലത്ത് തന്റെ സുവിശേഷ രചനകളിൽ പ്രതിഫലിപ്പിക്കുകയും ചെയ്തു. പൗലോസ് റോമിൽ തടവിലാക്കപ്പെട്ടപ്പോൾ മർക്കോസ് അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനങ്ങൾ യാതൊരു മുടക്കവും വരുത്താതെ തുടർന്ന് കൊണ്ട് പോയി . വിശുദ്ധ പത്രോസും മർക്കോസും തമ്മിൽ വളരെ അടുത്ത ബന്ധമായിരുന്നു ഉണ്ടായിരുന്നത്, അദ്ദേഹം വിശുദ്ധ പത്രോസിന്റെ സഹചാരിയും, ശിഷ്യനും, തർജ്ജമക്കാരനുമായി വർത്തിച്ചിരുന്നുവെന്ന് പറയപ്പെടുന്നു. വിശുദ്ധ പത്രോസ് റോമിൽ സുവിശേഷ പ്രഘോഷണം നടത്തിയപ്പോൾ മർക്കോസ് അവിടെ സന്നിഹിതനായിരുന്നുവെന്നും, വിശുദ്ധ പത്രോസിന്റെ സ്വാധീനത്താലാണ് വിശുദ്ധൻ തന്റെ ആദ്യത്തെ സുവിശേഷം രചിച്ചതെന്നും ഒരു പൊതുവായ അഭിപ്രായമുണ്ട്. നാല് സുവിശേഷങ്ങളിലും വെച്ച് ഏറ്റവും ചെറിയ സുവിശേഷം വിശുദ്ധ മർക്കോസിന്റേതായിരിന്നു. കൂടാതെ അദ്ദേഹത്തിന്റെ സുവിശേഷം രൂപം കൊണ്ടത് റോമിലാണ് .യേശുവിന്റെ ജീവിതത്തെ കാലഗണനാപരമായി അവതരിപ്പിച്ചതാണ് മാർക്കോസിന്റെ സുവിശേഷത്തിന്റെ മറ്റൊരു സവിശേഷത . അദ്ദേഹത്തിന്റെ സുവിശേഷത്തിൽ രക്ഷകന്റെ ജീവിത സംഭവങ്ങളെ ചരിത്രപരമായി കോർത്തിണക്കിയിരിക്കുന്നത് കാണുവാൻ നമുക്ക് സാധിക്കും .വിശുദ്ധ മാർക്കോസിന്റെ സുവിശേഷങ്ങൾ 'പത്രോസിന്റെ സുവിശേഷങ്ങൾ'എന്ന് പറയപ്പെടുന്നു കാരണം വിശുദ്ധ സുവിശേഷം എഴുതിയത് വിശുദ്ധ പത്രോസിന്റെ നിർദ്ദേശത്തിലും സ്വാധീനത്തിലും ആണ്. ഈജിപ്തിലെ അലക്സാണ്ടറിയായിലെ മെത്രാൻ ആയിരിക്കെ അവിടുത്തെ പരമ്പരാഗത വിഗ്രഹാരാധനയിൽ നിന്ന് ജനത്തെ ക്രിസ്തുവിശ്വാസത്തിലേക്ക് വഴിതിരിച്ചതുകൊണ്ട് ക്രിസ്തു വിശ്വാസ വിരോധികൾ വിശുദ്ധ മാർക്കോസിന്റെ കഴുത്തിൽ കയറുകെട്ടി തെരുവിൽ മരണം വരെ വലിച്ചിഴച്ചു. രക്തസാക്ഷിയുടെ മരണമായിരുന്നു വിശുദ്ധന്റേതെന്ന് കരുതപ്പെടുന്നു . ഏപ്രിൽ 25ന് ആണ് മാർക്കോസിന്റെ തിരുനാൾ ആചരിക്കുന്നത്. ചിറകുള്ള സിംഹമാണ് ഇദ്ദേഹത്തിന്റെ ചിഹ്നം.

●

ചെറുകഥ

# തമ്പോല



**വിൻസെന്റ്. ഇ. ജെ**
സെന്റ് ഫ്രാൻസിസ് യൂണിറ്റ്

അതിരാവിലെ പള്ളിയിൽ പോയി വന്നതിനുശേഷം പ്രാതലിന് ഭർത്താവായ അന്തോണിചേട്ടന് ഇഷ്ടപ്പെട്ട പൂരിയും ബാജികറിയും ചായയും ഉണ്ടാക്കി കഴിഞ്ഞപ്പോൾ അന്തോണി ചേട്ടനെ വിളിച്ചു. കാണാതായപ്പോൾ ആനി ടീച്ചർ പത്രത്തിൽ വന്ന തമ്പോല കാർഡ് പൂരിപ്പിക്കാനിരുന്നു. മാസത്തിൽ ഒരിക്കൽ പത്രത്തോടൊപ്പം വരുന്ന കാർഡിൽ ഉള്ള നമ്പർ നോക്കി അതാതു ദിവസം പത്രത്തിൽ വരുന്ന നമ്പറുകൾ ഉണ്ടെങ്കിൽ അത് വട്ടമിട്ടു വെക്കുക. ഒരുനിശ്ചിത സമയത്തിനുള്ളിൽ വട്ടമിട്ട് പൂർത്തിയാക്കാൻ കഴിഞ്ഞാൽ ഒരു സ്വർണ നാണയം കിട്ടും. ഇതാണ് മത്സരം. തമ്പോല പരസ്യത്തിലെ മോഡലിനെപോലെ എന്നും പൂരിപ്പിക്കാൻ മാത്രമേ യോഗമുള്ളൂ, ഇതുവരെ ഒരു സമ്മാനവും കിട്ടിയില്ലല്ലോ എന്നോർത്ത് ടീച്ചർ അന്നത്തെ പത്രത്തിൽ വന്ന നമ്പറുകൾ നോക്കി കാർഡിൽ വട്ടമിടാൻ തുടങ്ങി.

അപ്പോഴാണ് അന്തോണിചേട്ടൻ 'ചായയായില്ലേ' എന്ന് ചോദിച്ച് പ്രത്യക്ഷപ്പെട്ടത്. 'നിങ്ങൾക്കിഷ്ടപ്പെട്ട പൂരിയും കറിയും മേശപ്പുറത്തുണ്ട്. എടുത്ത് കഴിച്ചോളൂ ' എന്ന് മറുപടി കൊടുത്ത് ടീച്ചർ തമ്പോല കാർഡിൽ വട്ടമിടൽ തുടർന്നു. സാധാരണത്തെപോലെ, പൂരിയുടെ വട്ടം കുറഞ്ഞുപോയി അല്ലെങ്കിൽ കറിയിൽ എണ്ണ കൂടിപ്പോയി എന്നോ മറ്റോ പറഞ്ഞ് ഉള്ള സന്തോഷം കളയുമെന്നാണ് കരുതിയത്. അതുണ്ടായില്ല എന്നതിനാൽ ചെറിയ സന്തോഷം തോന്നി. മക്കൾ രണ്ടുപേരും ജോലി തേടി വിദേശത്തായതിനാൽ ആനിടീച്ചറും അന്തോണിചേട്ടനും മാത്രമേ ആ വലിയ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. മക്കൾ അടുത്തില്ലെന്ന സന്തോഷ കുറവുണ്ടെങ്കിലും അവർ സാമ്പത്തികമായി സ്വയം പര്യാപ്തരാണല്ലോ എന്ന സമാധാനത്തിൽ കഴിയുകയാണ് രണ്ടുപേരും.

തമ്പോല കാർഡ് പൂരിപ്പിച്ചുകഴിഞ്ഞ് പുറത്തേക്ക് നോക്കിയപ്പോൾ

അടുത്ത വീട്ടിലെ റോസി ചേചി പള്ളിയിൽ പോയി വരുന്നത് കണ്ടു. പള്ളിയിലെ എല്ലാ പ്രാർത്ഥനകൾക്കും ശേഷം അച്ചൻ മേടയിലേക്ക് പോയതിനു ശേഷം പള്ളിയിൽ നിന്നിറങ്ങി വഴിയിൽ കണ്ടവരോട് പതിവുപോലെ സൗഹൃദ സംഭാഷണങ്ങൾ കഴിഞ്ഞുള്ള വരവാണ്. റോസി ചേച്ചിക്കാണെങ്കിൽ ദൈവം മക്കളെ കൊടുത്തിട്ടില്ല. റോസിച്ചേച്ചിയുടെ ഭർത്താവ് തോമസ് ചേട്ടൻ പറമ്പിൽ നനക്കാൻ പോയിരിക്കയാണ്. റോസി ചേചി വന്ന് എന്തെങ്കിലും ഉണ്ടാക്കി കൊടുക്കുമ്പോഴേക്കും 11 മണിയായിട്ടുണ്ടാകും. അതാണ് ശീലം. ചോദ്യംചെയ്തിട്ട് കാര്യമില്ല എന്ന അനുഭവങ്ങളുടെ വെളിച്ചത്തിൽ, റോസിച്ചേച്ചിയോട് പറയാതെ 'സുഗുണ' ഹോട്ടലിൽ കയറി ചായയും വടയും കഴിച്ചിട്ട്, താൻ ഇതുവരെ ഒന്നും കഴിച്ചിട്ടില്ല എന്ന ഭാവത്തിലുള്ള വരവ് കണ്ട് ആനി ടീച്ചർ ഉള്ളിൽ ചിരിക്കാറുണ്ട്. വീട്ടിലെ കലഹം ഒഴിവാക്കാൻ വേണ്ടി തോമസ് ചേട്ടൻ നയപരമായി പെരുമാറുന്നതാണെന്ന് ടീച്ചർക്ക് നന്നായി അറിയാം.

ഭക്ഷണം കഴിഞ്ഞ്, പതിവ് തെറ്റിച്ച് ഒരു ചെറു ചിരിയോടുകൂടി, അന്തോണിചേട്ടൻ ടീച്ചറുടെ അടുത്തേക്ക് വന്നു. എന്നാൽ പതിവുപോലെ ഉച്ചത്തിലായിരുന്നു സംസാരം. 'ഇന്ന് നമ്മുടെ ജോർജ്ജ് ഡോക്ടറുടെ അടുത്ത് ഒന്ന് പോകണം. ഞാൻ ബുക്ക് ചെയ്തിട്ടുണ്ട്'. ഉറക്കെയുള്ള സംസാരം ഇഷ്ടപ്പെട്ടില്ലെങ്കിലും നീരസം ഉള്ളിലൊതുക്കി 'എന്താ കാര്യം' എന്നന്വേഷിച്ചു. 'ഒരു ചെറിയ കാര്യമുണ്ട്' എന്ന് ഒരു ചെറു ചിരിയോടുകൂടി പറഞ്ഞപ്പോൾ ആനിടീച്ചർ എതിർത്തൊന്നും പറഞ്ഞില്ല. വലിയ ഡിഗ്രികളുടെ കൂട്ടിച്ചേർക്കലുകൾ ഒന്നുമില്ലെങ്കിലും, പ്രായോഗിക ബുദ്ധിയിൽ ആഗ്രഗണ്യനായ ഡോക്ടറെ നാട്ടിലെല്ലാവർക്കും ഇഷ്ടമായിരുന്നു.

അന്നുതന്നെ വൈകീട്ട് രണ്ടുപേരും ജോർജ്ജ് ഡോക്ടറുടെ അടുത്തെത്തി. ഡോക്ടർ കാര്യം എന്താണെന്ന് അന്വേഷിച്ചപ്പോൾ ഡോക്ടറോട് സ്വകാര്യമായി സംസാരിക്കണമെന്നാവശ്യപ്പെട്ടു. ആനിടീച്ചർക്ക് ഇപ്പോൾ കേൾവികുറവുണ്ടെന്ന് സ്വരം താഴ്ത്തി ഡോക്ടറോട് പറഞ്ഞു. അവളെ വിഷമിപ്പിക്കേണ്ടെന്ന് കരുതിയാണ് സ്വകാര്യമായി പറയുന്നത് എന്ന് കൂട്ടിച്ചേർത്തു. ഡോക്ടർ രണ്ടു പേരോടും സംസാരിച്ചതിന് ശേഷം രണ്ടുപേർക്കും വേറെ വേറെ നിർദ്ദേശങ്ങൾ കൊടുത്തു. ഒരാഴ്ച കഴിഞ്ഞ് വരാൻ പറഞ്ഞു.

പതിവുപോലെ തമ്പോല പൂരിപ്പിക്കുന്ന ആനിടീച്ചറോട് 'കടയിൽ നിന്നും എന്തെങ്കിലും വാങ്ങാനുണ്ടോ' എന്ന് ഏറെക്കുറെ 20 അടി

അകലെ നിന്ന് ചോദിച്ചു. മറുപടി കേൾക്കാതെ വന്നപ്പോൾ 15 അടി അകലെനിന്ന് ചോദ്യം ആവർത്തിച്ചു. മറുപടി കേൾക്കാത്തതിനാൽ 10 അടി, അഞ്ച് അടി എന്നിങ്ങനെവ്യത്യസ്ത അകലങ്ങളിൽ നിന്നും ചോദ്യം ആവർത്തിച്ചു. അവസാനം തൊട്ടടുത്ത് ചെന്ന് ടീച്ചറുടെ മുഖത്തേക്ക് നോക്കി ചോദ്യം ആവർത്തിച്ചപ്പോൾ സൂസ് മേരവദനയായി ടീച്ചർ ചോദിച്ചു 'ഒരേ ചോദ്യത്തിന് ഞാൻ 5 തവണ മറുപടി പറയണോ '?.

സ്വയം തെറ്റ് മനസ്സിലാക്കിയ അന്തോണിചേട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു 'ഇന്ന് എന്റെ കേൾവിക്കുറവിന്റെ കാര്യം സംസാരിക്കാൻ ഡോക്ടറുടെ അടുത്ത് പോകണം ട്ടോ'. ആനിടീച്ചർക്കല്ല തനിക്കാണ് കേൾവിക്കുറവ് എന്ന് അന്തോണിചേട്ടന് മനസ്സിലായ നിമിഷമായിരുന്നു അത്.രണ്ടുപേരും ഒരുമിച്ച് പൊട്ടിച്ചിരിച്ചു.


ടീച്ചർക്ക് തമ്പോല കാർഡ് അടയാളപ്പെടുത്തി സമ്മാനം ഒന്നും കിട്ടിയില്ലെങ്കിലും വിഷമം ഒട്ടും ഉണ്ടായില്ല. ടീച്ചർ എല്ലാ ദിവസവും കാർഡ് പൂരിപ്പിച്ചുകൊണ്ടേയിരുന്നു. എന്നെങ്കിലും എന്തെങ്കിലും സമ്മാനം കിട്ടുമായിരിക്കും എന്ന പ്രതീക്ഷയായിരുന്നു മനം നിറയെ.

# ഉപകാരസ്മരണ
## വി. യുദാശ്ലീഹയുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി.യുദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു, ആമ്മേൻ.

**വിശ്വാസി**

## വാചക രശ്മി



**നിശ്ചിത കോളത്തിൽ അനുയോജ്യമായ കുറിപ്പെഴുതി**
**2023 ഏപ്രിൽ 15നകം ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക**

പേര്.................................................................... ക്ലാസ്...............................

വീട്ടുപേര്................................................... ഫോൺ...................................

**കഴിഞ്ഞ ലക്കം വാചകരശ്മി വിജയി : ജോമരിയ ജോയ്**





ഇ. ഡി. ബെന്നി

# ഒപ്പം

സ്നേഹമുള്ളവരെ,

ഈസ്റ്റർ അടുത്തുവരുന്നു. ആ നല്ല ദിനത്തെ നമ്മൾ എങ്ങിനെയാണ് ഓർക്കാറുള്ളത്. ദൈവപുത്രൻ മനുഷ്യനാൽ പീഡിപ്പിക്കപ്പെട്ട് ശരീരത്തിൽ കഠിനവേദന അനുഭവിച്ച് കൊല്ലപ്പെട്ട് 3-ാം ദിവസം ഉയിർത്തെഴുന്നേറ്റു എന്ന് മാത്രമാണോ ചിന്തിക്കുന്നത്. വിശുദ്ധ വാരത്തിൽ നാം ധ്യാനിക്കുന്നതും കടന്നുപോകുന്നതുമായ നിമിഷങ്ങളെ കുറിച്ച് ഒരു ആത്മപരിശോധന ഇടക്കെങ്കിലും നടത്തേണ്ടതല്ലെ. ക്രൂശിതന്റെ സഹനങ്ങളെയോർത്ത് ക്രിസ്ത്യാനികളിന്ന് പ്രദിക്ഷണമായി ഉയർന്ന മലകൾ കയറി ഇറങ്ങുന്നു. ഹൃദയത്തിൽ വാളുകൾ തറച്ച ഒരു അമ്മയുടെ നിശബ്ദ വിലാപങ്ങളും, ഞരുക്കങ്ങളും കുരിശിൻ ചുവട്ടിൽ നിന്നും ഉയരുന്നത്. നിങ്ങൾ കേൾക്കാറുണ്ടോ? കുരിശിൽ തൂങ്ങികിടന്ന് കഠോരവേദനയാൽ പുളയുന്ന ക്രൂശിതന്റെ ശിരസിന് മുകളിലൂടെ മാലാഖമാർ അദൃശ്യമായി പറക്കുന്നത് നിങ്ങൾക്ക് ശ്രദ്ധിക്കുവാൻ കഴിയുന്നുണ്ടോ? നിർമ്മലനായ ഒരു യുവാവിനോട് മനുഷ്യർ ചെയ്ത അനീതിയിൽ പ്രതിഷേധിച്ച് അവ ക്രോധത്തോടെ ചിറകടിയ്ക്കുന്നതിന്റെ അലയൊലികൾ നിങ്ങൾക്ക് കേൾക്കാനാവുമോ? ദേഷ്യത്തോടെയുള്ള അവയുടെ ചിറകടികൾ വെള്ളിടികളായും കൊടുങ്കാറ്റായും അന്തരീക്ഷത്തിൽ രൂപപ്പെടുന്നതായി നിങ്ങളുടെ മനതാരിൽ തെളിയുന്നുണ്ടോ? ക്രൂശിതന്റെ മുള്ളുകൾ തറച്ച നെറ്റിത്തടവും, ഇരുമ്പാണികൾ തുളച്ച കൈത്തലവും, പാദങ്ങളും, ചാട്ടവാറുകൾ താണ്ഡവമാടിയ ശരീരവും അവയുടെ ചിറകുകളിലെ നനുനനുത്ത തൂവലുകളാൽ തലോടി സാന്തനമേകുന്ന കാഴ്ചകൾ നിങ്ങൾക്ക് സങ്കൽപ്പിക്കാനാകുമോ? ക്രൂശിതന്റെ മുഖത്തു കൂടി ഒലിച്ചിറങ്ങിയ രക്ത തുള്ളികൾ ഒപ്പിയെടുത്ത കൈതുവാല മുറുകെപിടിച്ചുകൊണ്ട് നിൽക്കുന്ന വെറോനിക്ക എന്ന പെൺകുട്ടിയുടെ നിസ്സഹായാവസ്ഥയും ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. "പിതാവേ അവരോട് ക്ഷമിക്കണമെ" എന്ന ദൈവത്തോടുള്ള അവന്റെ യാചന, ഘാതകരെ പോലും സ്തംഭിപ്പിച്ച രംഗങ്ങളും, തങ്ങൾ മുറിവേൽപ്പിച്ചവൻ സത്യമായും ദൈവപുത്രനാണെന്ന് അവരിൽ ഓരോരുത്തരും എങ്കിലും മാറി മാറി പിറുപിറുക്കുന്ന സാഹചര്യവും നമ്മുക്ക് ദർശിക്കാനാകുന്നുണ്ടോ? നമ്മുക്ക് ഇത്തിരി നേരമെങ്കിലും ഈ താളുകളിലൂടെ സ്വയം ആത്മ വിചിന്തനം ചെയ്യാം.

ക്രിസ്തുവും അവന്റെ മരണവും മനുഷ്യ ചരിത്രത്തിൽ എന്നും അടയാളപ്പെട്ടുകിടക്കുന്നു. ക്രിസ്തുവിന്റെ മരണവുമായി ബന്ധപ്പെട്ട ചില വ്യക്തികളും വസ്തുക്കളും, മനുഷ്യസംസാരത്തിൽ പോലും കാലമെത്രയായിട്ടും ഇന്നും മായാതെ കിടക്കുന്നു, അല്ല നിൽക്കുന്നു.

1. കുരിശ്

സങ്കടവും, ഭാരവും, വേദനയും, അപമാനവും നൽകുന്നതെന്തും മനുഷ്യന് ഇന്നും "കുരിശ്" ആണ്.

2. യൂദാസ്

ഒറ്റിക്കൊടുക്കുകയും, വഞ്ചിക്കുകയും, കബളിപ്പിക്കുകയും ചെയ്യുന്നവന്റെ പേരാണ് "യൂദാസ്".

3. പീലാത്തോസ്

അധികാരങ്ങളും, സൗകര്യങ്ങളും നില നിർത്തുന്നതിന് വേണ്ടി സത്യവും സനാതനമൂല്യങ്ങളും അവഗണിച്ച് കൈ കഴുകി നീതിമാരാകുന്നവർ "പീലാത്തോസി"ന്റെ പിൻമുറക്കാർ ആണ്.

4. പത്രോസ്

പിടിക്കപ്പെടുമെന്ന് ഉറപ്പായപ്പോൾ അതുവരെ ചങ്കായി കൂടെ നിന്നവരെ പോലും കൈ വിട്ടുകളയുന്നവന്റെ പേരാണ് "പത്രോസ്".

5. ദു:ഖവെള്ളി

സഹനത്തിന്റെയും വേദനയുടെയും ഒറ്റപ്പെടലിന്റെയും ദിവസങ്ങൾ "ദു:ഖവെള്ളി" കളാണ് മനുഷ്യർക്ക്.

ഗോതമ്പുമണി അലിഞ്ഞ് ഇല്ലാതാകുന്ന കഥപറയുമ്പോൾ അവന്റെ വാക്കുകൾ വിറയ്ക്കുന്നുണ്ടായിരുന്നുവോ? വിത്ത് ചെടിയായും വൃക്ഷമായും വളരുമ്പോൾ വിത്തിനുണ്ടാകുന്ന രുപമാറ്റങ്ങൾ അതിനെ വേദനിപ്പിക്കുന്നുണ്ടെന്ന് നമുക്ക് അറിയാം. മനുഷ്യർ നല്കുന്ന പീഢനങ്ങൾ ഏറ്റുവാങ്ങി തന്റെ മനുഷ്യ ശരീരത്തെ മരണത്തിന് കീഴ്പ്പെടുത്തി തന്നിലുള്ള ആത്മീയ ശരീരത്തെ ഉയിർപ്പിക്കാൻ ക്രിസ്തു സ്വയം സന്നദ്ധനാകുകയായിരുന്നു. ശരീരത്തിൽ നിന്ന് ആത്മാവിലേക്ക് അവനെ ബലം പ്രയോഗിച്ചെന്നവണ്ണം കൂട്ടികൊണ്ടുപോയത്. മനുഷ്യരും, കുരിശിന്റെ കാഠിന്യങ്ങളുമാണ്. സഹനങ്ങൾക്ക് മനുഷ്യനെ ദൈവമാക്കാൻ ശക്തിയുണ്ടെന്ന് കുരിശിലൂടെ അവൻ തെളിയിച്ച കാഴ്ച്ചയും, മരണമെത്തുന്ന പീഢനങ്ങൾ, കത്തുന്ന പന്തങ്ങളും, തിളങ്ങുന്ന ആയുധങ്ങളുമായി കെദ്രോൺ താഴ്‌വര കടന്നു എത്തുപ്പോൾ ഈ കയ്പ്പേറിയ പാനപാത്രം വേണ്ടെന്ന് ഒരു നിമിഷം ആഗ്രഹിച്ചു പോകുന്നവന്റെ ആത്മഗതവും നമുക്ക് കാണാനാകുന്നുണ്ടോ?

രക്തം വിയർത്തു കൊണ്ട് കുരിശിലേക്ക് തന്നിലെ മനുഷ്യനെ അവൻ ഒരുക്കി, പീഢനമേറ്റ് കുരിശിൽ മരിക്കാനുള്ള ദൈവ നിയോഗത്തെ അവൻ ഹൃദയത്തിലുറപ്പിച്ചത് ഗെത്സെമൻതോട്ട

ത്തിലെ ആ ഇരുണ്ട മണിക്കൂറിലാണ്. ഒന്ന് ഓർത്തുനോക്കൂ...

ഗെത്സെമനിൽ നിന്ന് ഗാഗുൽത്തായിലെ ബലിപീഠത്തിലേക്ക് നിർഭയനായി അവൻ നടന്നു കയറുന്ന കാഴ്ച്ചയും നിങ്ങൾക്ക് മനഃ കോണുകളിലൂടെ വീക്ഷിക്കാനാകുമോ?

അവന്റെ നെടുവീർപ്പുകളും നിശ്വാസങ്ങളും വഹിച്ചു കൊണ്ട് ഒരിളംകാറ്റ് ഇന്നും ആ തോട്ടത്തിലെങ്ങും ചുറ്റി തിരിയുന്നു. പെസഹാ തിരുനാളിലെ രാത്രികളിൽ ആ മന്ദമാരുതൻ പതിയെ പതിയെ വളർന്ന് ഹുങ്കാര ശബ്ദത്തോടെ വൃക്ഷത്തലപ്പുകളെ ഉലയ്ക്കുന്ന രംഗങ്ങളും, ഹൃദയത്തിൽ കാണാനാകുന്നുണ്ടോ? അവന്റെയും നമ്മുടെയും രക്ത ത്തിന്റെ നിറം ചുമപ്പ് തന്നെയാണെന്നും, ആ ശരീരത്തിൽ നിന്നും ഒലി ച്ചിറങ്ങി മൺതരികളിൽ വീണു ചിതറിയ ആ രക്ത തുള്ളികളെ പ്രാചീ ന വൃക്ഷങ്ങളുടെ ജടപിടിച്ച വേരുകൾ സംഭരിച്ച് വെച്ചിട്ടുണ്ടെന്നും ജീർണ്ണിച്ച മരങ്ങളിൽ അത് പടർന്നിരിക്കുന്ന കാഴ്ചയും നമുക്ക് കാണാൻ സാധിക്കുന്നുണ്ടോ?

ഈ ചിതറിയ ചിന്തകൾ നമ്മെ ആത്മവിശുദ്ധിയുടെ നിറവിലേയ് ക്ക് ഉയരുവാൻ ഇടയാകട്ടെ.

ഏവർക്കും ഉത്ഥാന തിരുനാൾ മംഗളങ്ങൾ

◆◆◆

## പുവർ ഫണ്ട് ദത്ത്കുടുംബ സഹായം

| | |
|---|---|
| 1. ഹോളിഫാമിലി യൂണിറ്റ് | 4000 |
| 2. ലൂർദ്ദ്മാത യൂണിറ്റ് | 1000 |
| 3. ലിറ്റിൽ ഫ്ളവർ യൂണിറ്റ് | 3000 |
| 4. സെന്റ്റോസ് യൂണിറ്റ് | 3000 |
| 5. വിജയമാത യൂണിറ്റ് | 1000 |
| 6. ക്യൂൻമേരി യൂണിറ്റ് | 1000 |
| 7. സെന്റ് ജോസഫ് യൂണിറ്റ് | 1500 |
| 8. ചെറുപുഷ്പം യൂണിറ്റ് | 2000 |
| 9. സെന്റ് മറിയം ത്രേസ്യ യൂണിറ്റ് | 4000 |
| 10. ജോൺ പോൾ II യൂണിറ്റ് | 1500 |
| 11. സെന്റ് അൽഫോൻസ യൂണിറ്റ് | 1000 |
| 12. ബെത്ലേഹം യൂണിറ്റ് | 3000 |
| 13. സെന്റ് ബെർക്കുമെൻസ് യൂണിറ്റ് | 3500 |
| 14. സെന്റ് അലോഷ്യസ് യൂണിറ്റ് | 1000 |
| **ആകെ** | **30500** |



പെണ്ണിൻ മനസ്സിലെ രാജകുമാരിയെ
അണിയിച്ചൊരുക്കാൻ

# Neelankavil
Beauty Clinic & Fab

**NADUVILANGADI, VELUR**
9383 475 060, 8075 302 611

**Hair spa**
**Smoothening**
**Permanant Blowdry**
**Keratine Hair Treatments**
**at Affordable Price**

Happy Easter

**WORKING TIME**
9.30 a.m. to 7.00 p.m.
**SUNDAY HOLIDAY**

## ത്രഡിംഗ്: 30

**ലോങ്ങ്‌ലാസ്റ്റിംഗ് വാട്ടർ പ്രൂഫ്**
**ബ്രൈഡൽ മേക്കപ്പ്**
**വിവാഹ ഉടുപ്പുകൾ വാടകയ്ക്ക്**

ബ്രൈഡൽ ബൊക്കെ, ക്രിസ്ത്യൻ ബ്രൈഡൽ ഹെയർ നെറ്റ്,
നെറ്റ് മാല, മന്ത്രകോടി കൊട്ട എന്നിവ വാടകയ്ക്ക് കൊടുക്കുന്നു.




നീലങ്കാവിൽ ബിൽഡിംഗ്, നടുവിലങ്ങാടി, വേലൂർ     Phone: 9946 70 77 00, 8075 302 611

Visit Facebook: neelankavil beauty clinic

# A L BUILDERS

## ENGINEERS & CONTRACTORS

**CPJ BUILDING, OPP ST. MARY'S CHURCH PERAMANGALAM.**

**PH : 9633409797, 7736713437, 8547399397**

- Plan, Supervision, 3D
- Permit drawing - IPBMS
- Estimation & Project Reports
- Construction Contract
- Interior Design & Work
- Maintenance Renovation
- Engineers & Contractors

കൺസ്ട്രക്ഷൻ
മേഖലയിൽ
കരുതലിന്റെ
കാവൽ



നിങ്ങളുടെ സ്വപ്നം
ഞങ്ങളുടെ
വിരൽത്തുമ്പിൽ

റേറ്റ്
1450/-
മുതൽ






LENSFED MEMBER

# JEYAL ASSOCIATES

**HOUSE OF TRUST BUILDING P.O. ROAD, THRISSUR**

**PH : 7736713437, 9633409797**

e-mail : ligogeorge1975@gmail.com

## കയ്യെഴുത്തു മാസിക മത്സരം

**മരിയ രശ്മി പാരീഷ് ബുള്ളറ്റിന്റെ നേതൃത്വത്തിൽ**

**കുടുംബ കൂട്ടായ്മ അടിസ്ഥാനത്തിൽ**

നിബന്ധനകൾ :

1. കഥ, കവിത, ലേഖനം, കാർട്ടൂൺ, പെൻസിൽ ഡ്രോയിംഗ്, പെയ്ന്റിംഗ് എന്നിവ ഉൾപ്പെടുത്താവുന്നതാണ്.
2. Printed ആയിട്ടുള്ളവ പരമാവധി ഒഴിവാക്കേണ്ടതാണ്.
3. പുസ്തകം 100 പേജിൽ കവിയരുത്.
4. ഏപ്രിൽ 30 നകം കയ്യെഴുത്ത് മാസിക സമർപ്പിക്കേണ്ടതാണ്.
5. ഏറ്റവും നല്ല കഥ, കവിത, ലേഖനം, കാർട്ടൂൺ, പെൻസിൽ ഡ്രോയിംഗ്, പെയ്ന്റിംഗ് എന്നിവക്ക് സമ്മാനം ഉണ്ടായിരിക്കും
6. പ്രായഭേദമന്യേ ഏവർക്കും പങ്കെടുക്കാവുന്നതാണ്.
7. കൃതികളുടെ സമാപനത്തിൽ കർത്താക്കളുടെ പേര്, വയസ്സ് എന്നിവ ചേർക്കേണ്ടതാണ്.
8. ഏറ്റവും നല്ല കയ്യെഴുത്തു മാസികയ്ക്ക് 1001 രൂപയും ട്രോഫിയും നല്കുന്നതായിരിക്കും. രണ്ടാം സമ്മാനം 701 രൂപ + ട്രോഫി . മൂന്നാം സമ്മാനം 501 രൂപയും ട്രോഫിയും



# 2023 ഏപ്രിൽ മാസത്തെ കുടുംബ കൂട്ടായ്മകൾ

| സമയം | കുടുംബകൂട്ടായ്മ |
|---|---|
| 01 ഏപ്രിൽ 2023 ശനി | |
| 6 pm | സെൻ്റ് ലൂക്ക് ചിറ്റിലപ്പിള്ളി ജോർജ്ജ് സോണി |
| 6.30 pm | സെൻ്റ് ജോൺ - തേക്കാനത്ത് തോമസ് ആനി |
| 02 ഏപ്രിൽ 2023 ഞായർ | |
| 2.30 pm | ഹോളി ഫാമിലി - തറയിൽ ദേവസി ജോസഫ് |
| 3.00 pm | ലൂർദ്ദ് മാത -ചെറുവത്തൂർ കല്ലൂക്കാരൻ ഫ്രാൻസിസ് |
| 3.30 pm | വിജയമാത - തരകൻ ഔസേപ്പ് റീത്ത |
| 4.00 pm | സെൻ്റ് പോൾ - ചിറ്റിലപ്പിള്ളി ജോസഫ് ഡേവീസ് |
| 4.30 pm | സെൻ്റ് തെരേസ - പാലയൂർ തോമ ജോസ് |
| 15 ഏപ്രിൽ 2023 ശനി | |
| 6.00 pm | സെൻ്റ് അഗസ്റ്റിൻ - പൂത്തൂക്കര വാറപ്പൻ ഫ്രാൻസിസ് |
| 6.30 pm | ലിറ്റിൽ ഫ്ലവർ - മാളിയേക്കൽ പൗലോസ് ഷിജു |
| 16 ഏപ്രിൽ 2023 ഞായർ | |
| 2.30 pm | സെൻ്റ് അലോഷ്യസ് - ചിറ്റിലപ്പിള്ളി തോമസ് ലൂയിസ് |
| 3.00 pm | സെൻറ് പീറ്റർ - എലുവത്തിങ്കൽ പ്രതീഷ് ലിജി |
| 3.30 pm | സെൻ്റ് കോൾബെ - കണ്ടംകുളത്തി പത്രോസ് സാജു |
| 4.00 pm | സെൻ്റ് മറിയം ത്രേസ്യ - ചിറ്റിലപ്പിള്ളി വറീത് എൽസി |
| 4.30 pm | സെൻ്റ് അൽഫോൻസ പനഞ്ചിക്കൽ അന്തോണി ജയൻ |
| 5.00 pm | സെൻ്റ് ജോൺ പോൾ II വാഴപ്പിള്ളി ജേക്കബ് കൊച്ചുത്രേസ്യ |
| 22 ഏപ്രിൽ 2023 ശനി | |
| 6.00 pm | സെൻ്റ് റോസ് - കല്ലൂക്കാരൻ ജോസ് ഷിജു |
| 6.30 pm | സെൻ്റ് ജോർജ്ജ് - മാളിയേക്കൽ പൗലോസ് ജോൺസൻ |
| 23 ഏപ്രിൽ 2023 ഞായർ | |
| 3.00 pm | സെൻ്റ് ഫ്രാൻസിസ് - കോമ്പാറ പാറക്കുടം വറീത് സൈമൺ |
| 3.30 pm | സെൻ്റ് തോമസ് - പുത്തൂക്കര ജോസ് ഷാജൻ |
| 4.00 pm | നിത്യസഹായമാത - തെക്കുംപുറം ജോയ് പോൾ |
| 4.30 pm | ബെത് ലെഹേം - എലുവത്തിങ്കൽ മിഖായേൽ മേരി |
| 5.00 pm | സെൻ്റ് ബെർക്കുമെൻ്റ്സ്- കണ്ണനായ്ക്കൽ കുന്നപ്പിള്ളി തോമ്മുണ്ണി ജേക്കബ് |
| 29 ഏപ്രിൽ 2023 ശനി | |
| 6.00 pm | സെൻ്റ് സെബാസ്റ്റ്യൻ - നീലങ്കാവിൽ ജോയ് സോഫി |
| 6.30 pm | സേക്രട്ട് ഹാർട്ട് - നീലങ്കാവിൽ തോമസ് ജോർജ്ജ് |
| 30 ഏപ്രിൽ 2023 ഞായർ | |
| 3.00 pm | ക്യൂൻമേരി - കുന്നപ്പിള്ളി ലത ആൻ്റോ |
| 3.30 pm | സെൻ്റ് ആൻസ്- ആലപ്പാട്ട് പൂവ്വത്തിങ്കൽ പൈലോത് തോമസ് |
| 4.00 pm | സെൻ്റ് ജോസഫ് - പുത്തൂക്കര പൊറിഞ്ചു ജോൺസൻ |
| 4.30 pm | ചെറുപുഷ്പം - ചക്കാലക്കൽ അന്തോണി ഷാജി |
| 5.00 pm | വിമലനാഥ - നീലങ്കാവിൽ ചേറു തോമസ് |

# വാർത്താ രശ്മി



•വത്തിക്കാൻ ചത്തുരത്തിൽ ദിവ്യകാരുണ്യ നാഥൻ. പ്രതിമാസ ദിവ്യകാരുണ്യ ആരാധനയ്ക്ക് തുടക്കം.എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ചയിൽ രാത്രി 8 മുതൽ 9 വരെ ദിവ്യകാരുണ്യ ആരാധനനടത്തുവാൻ തീരുമാനിച്ചു .

•**കണ്ണൂർ**: കർഷകരെ സഹായിക്കുന്ന കക്ഷികളെ കർഷകരും സഹായിക്കുമെന്ന് ആലക്കോട് നടന്ന കർഷക റാലിയിൽ മാർ ജോസഫ് പാംപ്ലാനി.

•കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലുള്ള 23 പൗരസ്ത്യ സഭകളുടെ ആരാധനാക്രമ സംബന്ധമായ വിഷയങ്ങളിൽ തീരുമാനമെടുക്കുന്ന പൗരസ്ത്യ തിരുസംഘം ഉപദേശം തേടുന്നപൗരസ്ത്യസഭാ കാര്യാലയത്തിലെ പ്രത്യേക കൺസൾട്ടന്റ് ആയി ഫാദർ ഡോക്ടർ ജേക്കബ് നിയമിക്കപ്പെട്ടു .

•ക്രൈസ്തവ സന്യാസത്തെ അവഹേളിക്കുന്ന കക്കുകളി നാടകത്തിനെതിരെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ക്രൈസ്തവ വിശ്വാസത്തെ അവഹേളിക്കുന്നതിനെതിരായും മലബാർ ക്രൈസ്തവ സമൂഹവും തൃശ്ശൂർ അതിരൂപതയും പ്രതിഷേധ മാർച്ച് നടത്തി. സമുദായത്തെ മുഴുവൻ അവഹേളിയ്ക്കാൻ ശ്രമിച്ചാൽ ക്രൈസ്തവ സമൂഹം നോക്കിനിൽക്കില്ല എന്ന് മാർ ടോണി നീലങ്കാവിൽ

•ലീജിയണറീസ് ഓഫ് ക്രൈസ്റ്റിന് ഇത് ദൈവവിളിയുടെ വിളവെടുപ്പ് കാലം. 32 പേർ ഇക്കൊല്ലം തിരുപ്പട്ടം സ്വീകരിക്കും .

•മാർ ജോസഫ് പവ്വത്തിലിന്റെ സംസ്കാരം സംസ്ഥാനസർക്കാരിൻെറ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. മാർ ജോസഫ് സഭയെ ജീവന് തുല്യം സ്നേഹിച്ച ഇടയൻ ശ്രേഷ്ഠൻ എന്ന് ആലഞ്ചേരി. മാർ ജോസഫ് പവ്വത്തിൽ സഭയ്ക്ക് ദിശാബോധം പകർന്ന അജപാലക ശ്രേഷ്ഠൻ എന്ന് കെസിബിസി.

•സഭാ പ്രബോധനങ്ങൾക്ക് വിരുദ്ധമായി ജർമ്മനിയിലെ സിനഡ് വോട്ടെടുപ്പിലൂടെ സ്വവർഗ്ഗ അനുരാഗ ബന്ധങ്ങളുടെ ആശീർവാദം അടക്കമുള്ള വിഷയങ്ങളിൽ എടുത്ത നിലപാടുകളെ വത്തിക്കാൻ തള്ളി. ഫ്രാൻസിസ് മാർപാപ്പയുടെ ഒൻപത് ഉപദേശക സമിതിയിലെ അംഗവും കർദിനാളുമായ പിയട്രോ പരോളിൻ ആണ് ഇക്കാര്യം അറിയിച്ചത് .

•സ്നേഹത്തിൻെറ സുവിശേഷകൻ സാധു ഇട്ടിയവിര ഇനി ഓർമ്മ. ലോകമാകെ സഞ്ചരിച്ച് ആത്മീയ പ്രബോധനം നടത്തി പ്രശസ്തനായി മാറിയ സാധു ഇട്ടിയവിര ആത്മീയ പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ വളരെയേറെ ശ്രദ്ധേയനാണ് .അന്താരാഷ്ട്ര പ്രസിദ്ധമായ ഷൈറ്റ്സൻ അവാർഡ് ജേതാവായിരുന്നു.

# 2023 തിരുനാൾ വരവ് ചെലവ് കണക്ക്

| വരവ് | | ചെലവ് | |
|---|---|---|---|
| തിരുനാൾ പണം | 1,60,200 | തിരുനാൾ ബാന്റ് സെറ്റ് | 51,000 |
| തിരുനാൾ നവനാൾ | 10,000 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 15,53 |
| തിരുനാൾ + നവനാൾ പൂക്കൾ | 30,000 | ഗാനമേള | 1,09,000 |
| അമ്പ്, കുട | 5000 | നകാര വാദ്യ ഉപകരണം | 7,300 |
| തിരുനാൾ തരക് | 21,250 | തിരുനാൾ ഇലുമിനേഷൻ | 1,35,000 |
| അമ്പ് പെട്ടി | 99,995 | ചെണ്ടമേളം | 75,000 |
| അമ്പ് എടുത്തുവെയ്ക്കൽ | 65,800 | തിരുനാൾ അരങ്ങ് | 1440 |
| സപ്ലിമെന്റ് വരവ് | 2,83,000 | തിരുനാൾ വെടിക്കെട്ട് | 97,000 |
| രശീതി വരവ് | 2,41,970 | തിരുനാൾ + നവനാൾ പൂക്കൾ | 3,9050 |
| | | തിരുനാൾ റിഫ്രെഷ്മെന്റ് | 57710 |
| | | തിരുനാൾ തിരുകർമ്മം | 10000 |
| | | തിരുനാൾ നേർച്ച | 35390 |
| | | അമ്പ് കുട | 5400 |
| | | തിരുനാൾ യാത്ര ചെലവ് | 1380 |
| | | തിരുനാൾ സെക്യൂരിറ്റി | 5000 |
| | | പ്രദക്ഷിണം പൊൻകുരിശ് വാടക | 4600 |
| | | ബലൂൺ | 6125 |
| | | പോലീസ് സർവ്വീസ് | 10000 |
| | | ലൈറ്റ് & സൗണ്ട് | 21,800 |
| | | നേർച്ച പന്തൽ | 15300 |
| | | TCV ലൈവ്, LED Wall, Side wing TV | 39500 |
| | | ടി.സി.വി. ഓഫീസ് | 3000 |
| | | ജനറേറ്റർ ഗാനമേള | 14000 |
| | | പള്ളി ജനറേറ്റർ ഡീസൽ | 2000 |
| | | സ്റ്റീൽ കുരിശ് നിർമ്മാണം | 48320 |
| | | ഡിസൈൻ വർക്ക് നോട്ടീസ് & സപ്ലിമെന്റ് | 15000 |
| | | സ്റ്റേജ് | 8650 |
| | | ഫ്ളക്സ് - നകാരം + തിരുനാൾ കമ്മിറ്റി | 1425 |
| | | പ്രിന്റിംഗ് നോട്ടീസ് & സപ്ലിമെന്റ് | 50500 |
| | | കേബിൾ ടി.വി., കേബിൾ ഇൻസുലേഷൻ, ക്യാമറ | 1686 |
| | | കൺവീനർ ടാഗ് | 1550 |
| | | വാം ലൈറ്റ് | 360 |
| | | ഗാനമേള ചെയർ വാടക | 7000 |
| | | LED Wall പരസ്യം സെറ്റിംഗ് | 1500 |
| | | കമ്മിറ്റി പിരിച്ചുവിടൽ സ്നേഹവിരുന്ന് | 2940 |
| **ആകെ** | **9,17,215** | **ആകെ** | **886479** |
| | | **നീക്കിയിരിപ്പ്** | **30736** |

# വചനവായനകൾ

## ഏപ്രിൽ 2023

### പുതിയ നിയമം

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **30**<br>ഏശ 49 : 13 – 23<br>ശ്ലീഹ 8 : 14 – 25<br>എഫേ 2:1 – 7<br>യോഹ 16 :16 – 24 | | | | | | **1**<br>ശ്ലീഹ<br>20 : 22 – 38<br>യോഹ<br>12: 1 – 8 |
| **2**<br>ഉൽപ 49 : 8 – 12,<br>22 : 26<br>സഖ 9 : 9 – 12<br>റോമാ 11 : 13 – 24<br>മത്താ 21 :1 – 17 | **3**<br>ഹെബ്രാ<br>1 : 5 – 14<br>യോഹ<br>11 :47 – 57 | **4**<br>ഹെബ്രാ<br>5 : 1 – 10<br>യോഹ<br>12 : 20 – 26 | **5**<br>ഹെബ്രാ<br>9:15 – 28<br>യോഹ<br>12:27 – 33 | **6**<br>1കോറി11:23 – 29<br>യോഹ 13 : 1 – 14<br>മത്താ26 : 26 – 30 | **7**<br>റോമാ<br>5 : 6 – 16<br>ലൂക്ക<br>22:63 – 23:12 | **8**<br>റോമാ<br>6 : 3 – 11<br>മത്താ<br>28 : 1 – 20 |
| **9**<br>ഏശ 60 : 1 – 7<br>1സമൂ 2: 1 – 10<br>റോമാ 6: 1 – 14<br>മത്താ 28 : 1 – 6 | **10**<br>റോമാ<br>4 : 1 – 8<br>യോഹ<br>14 :18 – 28 | **11**<br>1കോറി<br>15 : 12 – 19<br>ലൂക്കാ<br>24 :13 – 27 | **12**<br>എഫേ<br>4 : 1 – 6<br>യോഹ<br>15 :1 – 10 | **13**<br>കൊളോ<br>2 : 12 – 15<br>മത്താ<br>10 :1 – 15 | **14**<br>ഹെബ്രാ<br>11 : 3 – 10<br>മത്താ<br>10 :26 – 33 | **15**<br>കൊളോ<br>3 : 1 – 4<br>മർക്കോ<br>16 : 1 – 8 |
| **16**<br>ഏശ 55 : 4 – 13<br>ശ്ലീഹ 4 : 32 – 37<br>കൊളോ 1 : 12 – 20<br>യോഹ 20 : 19 – 29 | **17**<br>1 കോറി<br>1 : 10 – 17<br>ലൂക്കാ<br>24 : 28 – 35 | **18**<br>ശ്ലീഹ<br>9 : 20 – 25<br>യോഹ<br>5 : 41 – 47 | **19**<br>ഗലാ<br>5 : 1 – 6<br>മർക്കോ<br>7 : 31 – 37 | **20**<br>ഫിലി<br>1 : 27 – 30<br>മത്താ<br>15 : 21 – 28 | **21**<br>1കോറി<br>1 : 18 – 24<br>മർക്കോ<br>4 : 1 – 9 | **22**<br>കൊളോ<br>3 : 14 – 17<br>ലൂക്കാ<br>24 : 36 – 43 |
| **23**<br>ഏശ 56 : 1 – 7<br>ശ്ലീഹ 5 :34 – 42<br>എഫേ 1 : 3 – 14<br>യോഹ 14 : 1 – 14 | **24**<br>യാക്കോ<br>5 : 7 – 12<br>മത്താ<br>25 : 1 – 13 | **25**<br>1 തെസ<br>5 : 12 – 22<br>മർക്കോ<br>4 : 13 – 20 | **26**<br>ഫിലി<br>1 : 21 – 26<br>മത്താ<br>8 : 1 – 4 | **27**<br>2 കോറി<br>8 : 1 – 11<br>മർക്കോ<br>4 : 35 – 41 | **28**<br>റോമാ<br>15 : 1 – 6<br>ലൂക്കാ<br>6 : 6 – 11 | **29**<br>യാക്കോ<br>2 : 14 – 17<br>ലൂക്കാ<br>6 : 46 – 49 |



## നർമ്മരശ്മി





## മരിയരശ്മി പരസ്യ താരിഫ്

| | | |
|---|---|---|
| Back Cover | - | 2500.00 |
| Front Inner | - | 2200.00 |
| Back Inner | - | 2000.00 |
| Multi Colour (Full Page) | - | 1800.00 |
| Multi Colour (Half Page) | - | 1000.00 |
| Multi Colour Center page (Double page) | - | 3800.00 |
| Black & White (Full Page) | - | 700.00 |
| Black & White (Half Page) | - | 400.00 |

സ്ഥിരപരസ്യങ്ങൾക്ക് താരിഫിൽ 20% ഇളവ് നല്കുന്നതാണ്.
പരസ്യം ബുക്ക് ചെയ്യുന്നതിന് താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക

തോമസ് സി.എ. Ph : 9747037262

# SHEEBA NUTRITION CENTRE



## FAT TO FIT
## BODY TRANSFORMATION

**FREE HEALTH AWEARNESS & EDUCATION**

Personal Wellness Coach

Sheeba Francis 9947352936

Francis 7510271932




## I CAN HELP WITH

- ★ Healthy Weight Loss
- ★ weight Maintenance
- ★ Healthy weight Gain
- ★ More Energy
- ★ Sports supplementation
- ★ Healthy Supplementation
- ★ Healthy Breakfast

നിങ്ങളും നിങ്ങളുടെ കുടുംബവും
ഉയരത്തിനനുസരിച്ചുള്ള ശരീര
ഭാരത്തിൽ ആരോഗ്യമായിരിക്കാൻ
ആഗ്രഹിക്കുന്നുവോ?

**നിങ്ങളുടെ വീട്ടിലിരുന്നുകൊണ്ടുതന്നെ!!**

2nd Floor, Farha Tower, Post Office Road,
Thrissur, Opp.Link Lines Electricals.

9947352936
7510271932

39 Years of Trust

916

# GRAND DISCOUNT MELA

2023 March 10th to May 10th

JEWELLERY BOUTIQUE

KONIKKARA
GOLD & DIAMONDS

THRISSUR

sruthi, tcr-9447117356

| PRAYER ROOM | PRIVILEGE CARD | FREE MAINTENANCE | VALET PARKING | FOOD COURT | ADVANCE BOOKING AVAILABLE |
|---|---|---|---|---|---|

KONIKKARA TOWER, NEAR CHALDEAN HALL, PALLIKULAM ROAD, THRISSUR -1

**AMPLE CAR PARKING** | Ph: 0487 2427384, 2421916, 85473 83002, 98466 21916

Published by Rev. Fr. Jaison Marokky, St. Mary's Church, Peramangalam, Parish bulletin
(Private Circulation Only) Printed at : Sruthi Printers Thrissur. Ph : 7012456307